

# ഞാനും നീയും
# നമ്മുടെ
# സ്വാശ്രയജീവിതവും

Sir Syed Institute Magazine 2024

ആകാശങ്ങളുടെയും ഭൂമിയുടെയും
സൃഷ്ടിപ്പിൽ ബുദ്ധി ഉപയോഗിക്കുന്ന
ജനതയ്ക്ക് ദൃഷ്ടാന്തമുണ്ട്. രാപകലുകളുടെ
വ്യത്യാസങ്ങളിലും ചിന്താശീലർക്കു
ദൃഷ്ടാന്തമുണ്ട്. മനുഷ്യസമൂഹത്തിനു
പ്രയോജനകരമായ വിധം സമുദ്രത്തിൽ
നീങ്ങിക്കൊണ്ടിരിക്കുന്ന കപ്പലിലുമുണ്ട്
അവർക്കു ദൃഷ്ടാന്തം. ആകാശത്തു നിന്നു
ദൈവം ഇറക്കിത്തരുന്ന വെള്ളം
ഉപയോഗിച്ച് നിർജീവമായ ഭൂമിയെ
തരളിതമാക്കിയതിലും ഭൂമിയിൽ സകല
പ്രാണിവർഗങ്ങളെയും വ്യാപിപ്പിച്ചതിലും
ചിന്തിക്കുന്നവർക്ക് അടയാളമുണ്ട്.
ആകാശഭൂമികൾക്കിടയിൽ
നിയന്ത്രിതമായ മേഘങ്ങളിലും കാറ്റുകൾ
വ്യത്യസ്ത രീതികളിൽ വീശുന്നതിലും
ബുദ്ധിയുള്ളവർക്ക് തെളിവുകളുണ്ട്.

**വിശുദ്ധ ഖുർആൻ** 2 :164




| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | ഡോ. കെ. എം. ഖലീൽ |
| സ്റ്റാഫ് എഡിറ്റർ | : | ഷഫീഖ്.പി. |
| സ്റ്റുഡന്റ് എഡിറ്റർ | : | നൂറ് ഫാത്തിമ |
| വര | : | പ്രേം. പി. ലക്ഷ്മൺ |
| ടൈപ്പ്സെറ്റിങ്ങ് & ലേഔട്ട് | : | ഐഡിയൽ ഡിസൈൻ |

'ഞാൻ ചരിത്രത്തിന്റെ ഭാഗത്താ'
'എന്താ ചരിത്രം പറയ്ന്നത്,
ഹിന്ദുക്കളും മുസ്ലിങ്ങളും ഒരു മൊഖത്തെ
രണ്ടു കണ്ണുകളാണെന്ന്."

- നിങ്ങൾ - എം. മുകുന്ദൻ

Hindus and Muslims are the
two eyes of the beautiful bride
that is Hindustan.
Weakness of anyone of them
will spoil the beauty of the bride.

- Sir syed ahmed khan



# MANAGEMENT



Adv. P Mahamood
President CDMEA
Manager, SSITS



Mahamood Allamkulam
Gen. Secretary,
CDMEA



Mayan Mahamood
Treasurer,
CDMEA



Dr. C.H. Aboobacker Haji
Chairman,
Governing Body SSITS

**PRINCIPAL**



Dr. K.M Khaleel



Sir Syed institute for Technical Studies is a prestigious project of C.D.M.E.A, established in 2002 by the Cannanore District Muslim Educational Association, Regd. S. 24/1965

President
**Janab Adv. P. Mahamood**

Secretary
**Janab A. K. Abootty Haji**

Vice President
**Janab M. M. Faisal Haji**

Treasurer
**Janab. Mayan Mahamood**

General Secretary
**Janab. Mahamood Allamkula**m

Governing Body Chairman
**Dr. C. H. Aboobacker Haji**

## *Special thanks to...*



Dr. Siraj M.V.P
Principal in charge



ചെറുതാണ് സുന്ദരം, മനോഹരം,
സുഖപ്രദം,
ലാളിത്യമാണ് പുതിയകാലത്തെ ബദൽ.
പക്ഷേ അത് അത്ര ലളിതമല്ല.
അവനവൻ എന്ന കൊച്ചു കോട്ടയ്ക്കുള്ളിലെ
തടവുകാരാണ് നമ്മൾ ഓരോരുത്തരും.
ആ തീരെ ചെറിയ വൃത്തത്തിനകത്തുള്ള
സുഖസൗകര്യങ്ങളെപ്പറ്റി മാത്രമേ നമ്മൾ ചിന്തിക്കുന്നുള്ളൂ.
പ്രപഞ്ചം എന്ന വലിയ വൃത്തത്തിനെക്കുറിച്ച് ഓർക്കാതെ
അതിനെ ക്രമേണ നശിപ്പിച്ചു കൊണ്ടിരിക്കുന്നു.
പാരിസ്ഥിതിക ഭവിഷ്യത്തുകളും സർവ്വനാശവും
ക്ഷണിച്ചു വരുത്തുന്ന ജീവിതരീതിയെ പ്രതിരോധിക്കാൻ
'മിനിമലിസം' എന്ന ബദലിന് സാധ്യമാവും.
പരിശീലനം സിദ്ധിച്ച പിശാചുക്കളും ചിത്തരോഗികളും
മതിഭ്രമം ബാധിച്ച സമ്പന്നരും ചേർന്ന
ഒരു കൂട്ടത്തെ നിർമ്മിച്ചെടുക്കാനുള്ള ശ്രമമാണ് ചുറ്റുപാടും.
വായനയും എഴുത്തും ചരിത്ര പഠനവും കണക്കും എല്ലാം
പ്രധാനവും പ്രയോജനകരവുമാകുന്നത്, അത്
നമ്മളെ കൂടുതൽ മാനുഷികതയിലേക്ക്
നയിക്കുന്നുവെങ്കിൽ മാത്രമാണ്.
അപ്പോഴാണ് നാം
സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു അനുഭവിച്ചു തുടങ്ങുക

**ഷഫീഖ് പി**
സ്റ്റാഫ് എഡിറ്റർ



ജീവിതത്തിൽ ചില നിയോഗങ്ങൾ ഉണ്ട്. ചിലപ്പോൾ അത് നമ്മളെ പ്രതിസന്ധിയിലാക്കും. സ്റ്റുഡന്റ് എഡിറ്റർ എന്ന പദവി വിഷമത്തിലാക്കി, എന്ത് ചെയ്യണമെന്ന് യാതൊരു നിശ്ചയവും ഇല്ല, ഉത്തരവാദിത്തമാണ്. ക്യാമ്പസിലെ മാവിന്റെ ചുവട്ടിൽ ഇതിന്റെ ഉത്തരം തേടി പലപ്പോഴും ജീവിതം തളംകെട്ടി. ഉത്തരത്തിനായി അലഞ്ഞു. മുകളിലേക്ക് നോക്കുമ്പോൾ മരം ഒരു തണുപ്പായി. ഉത്തരമായി. പച്ചയൊരു നിലപാടായി. വായന കൂട്ടിനു വന്നു. അതൊക്കെ നേരിട്ട് യാതൊരു എഡിറ്റിംഗും നടത്താതെ ഒരു എഡിറ്ററായി നിലനിൽക്കാൻ എന്നെ പ്രേരിപ്പിച്ചു. മൗനം, നിശ്ചലത, നിശബ്ദത, ഒഴിഞ്ഞ ഇടങ്ങളിലെ വേദനകൾ ഇതൊക്കെ മാഗസിനിലേക്ക് ആവാഹിക്കാനുള്ള ശ്രമങ്ങൾ നടത്തി. കൂട്ടിന് കൂട്ടുകാരും കിളികളും വന്നു മുന്നിൽ ഒരു ക്യാമ്പസ് നിവർന്നു നിന്നു. ഞാനൊരു സ്വാശ്രയ ജീവിയായി. അതൊരു വിഷയവുമായി കണ്ട് ഞാൻ എന്റെ യാത്ര തുടർന്നു. കൂടെ നീയുണ്ടെന്ന് വിശ്വസിച്ചു. അത് ജീവിതത്തിലേക്കുള്ള ഒരു യാത്രയാകുന്നു.

**നൂറ് ഫാത്തിമ**
സ്റ്റുഡന്റ് എഡിറ്റർ



# താളുകളിൽ

ഫാസിസം
പലസ്തീൻ
സ്വാശ്രയജീവിതം
ലഹരിയും പ്രണയവും
അനുഭവങ്ങൾ
കഥകൾ
കവിതകൾ

ഫാസിസം...
പൂവിന്റെ മന്ദസ്മിതങ്ങളെപ്പോലുമത് പീരങ്കിച്ചീറലാക്കും.
നിറങ്ങളുടെ വൈവിധ്യ വിസ്മയങ്ങളെ പോലുമത്
വേട്ടക്കുള്ള കൊലവിളിയാക്കും.
രുചികൾക്കുള്ളിൽ പോലും അത് ബോംബുകളൊളിപ്പിക്കും.
സൗഹൃദങ്ങളിൽ പോലുമത്
അവിശ്വാസത്തിന്റെ കനലുകൾ കോരിയിടും.
പ്രശംസിക്കപ്പെടുന്ന പാരമ്പര്യങ്ങളെപ്പോലും
ഫാസിസം സ്വന്തം ഒളിപ്പുരയാക്കും.
സംവാദാത്മകതയുടെയും ബഹുസ്വരതകളുടെയും
ശ്മശാനമായി ജീവിതത്തെ അത് മാറ്റും.



സാമ്രാജ്യത്വത്തെ
അഹിംസകൊണ്ട് നേരിടാമെങ്കിൽ
ഫാസിസത്തെയും
അഹിംസ കൊണ്ട് നേരിടാം.

9 MM *ബെരേറ്റ*
**വിനോദ് കൃഷ്ണ**



# ഞങ്ങൾ കാരണം

– എം ബെറി

വിവർത്തനം: **ഫാത്തിമ. സി.**
(ഒന്നാം വർഷ ബി.ബി.എ)

മുറിവ് വെച്ച് കെട്ടാൻ എടുക്കുന്ന നേർത്ത തുണി
എന്നർത്ഥം വരുന്ന **gauze** എന്ന ഇംഗ്ലീഷ് വാക്ക്
غزة (ഗസ്സ) എന്ന അറബിക് വാക്കിൽ നിന്ന്
വന്നതാണെന്ന് ഇന്നാണ് ഞാൻ അറിഞ്ഞത്.
കാരണം ഗാസയിലെ ജനങ്ങൾ
കാലങ്ങളായി വിദഗ്ദ്ധരായ നെയ്ത്തുകാരായിരുന്നു.
നമ്മുടെ എത്ര മുറിവുകൾ അവർ കാരണം
മൂടപ്പെട്ടിരിക്കുമെന്ന് ഞാൻ അത്ഭുതപ്പെട്ടു.
അവരുടെ എത്ര മുറിവുകൾ ഞങ്ങൾ കാരണം
തുറക്കപ്പെട്ടു തന്നെ ഇരുന്നുവെന്നും.

# എനിക്ക് മരിക്കേണ്ടി വന്നാൽ...

**റഫാത് അൽ അരീർ**

എനിക്ക്  മരിക്കേണ്ടി വന്നാൽ
എന്റെ കഥ പറയാൻ  നീയുണ്ടാകണം .

എനിക്കുണ്ടായതെല്ലാം വിൽക്കാൻ
ഒരു കഷ്ണം വെള്ള തുണിയും ചരടുകളും വാങ്ങാൻ
എനിക്ക് വേണ്ടി ഒരു പട്ടമുണ്ടാക്കാൻ
നീയുണ്ടാകണം.

ആരോടും യാത്ര പറയാതെ
ഒരു പൊട്ടിത്തെറിയിൽ വെണ്ണീറായി മാറിയ
തന്റെ ഉപ്പയെ ഒന്നു കൂടി കാണാൻ
ആകാശത്തു സ്വർഗം തേടുന്ന
ഗാസയിലെ ആ കുഞ്ഞു കണ്ണുകൾക്ക്
നീ ഉണ്ടാക്കിയ ആ തൂവെള്ള പട്ടം കാണണം.

അവൻ ഉപ്പയെ കണ്ടൊന്ന് ചിരിക്കണം.

എനിക്ക് മരിക്കേണ്ടി വന്നാൽ
അതൊരു കഥയാകണം.
അത് പറയാൻ നീയുണ്ടാകണം.
ആരുടെയെങ്കിലും കണ്ണിൽ
പ്രത്യാശയുടെ പട്ടമാകണം.

# ഞാൻ ഗാസ

Santhwana A K, VI Biotecnology



ഞാൻ ഗാസ

കഴുകന്മാരും പോർ വിമാനങ്ങളും
എനിക്കുമേൽ വട്ടമിട്ട് പറക്കുന്നു.
ശവംതീനി കഴുകന്മാർ...
മാംസക്കൊതി പൂണ്ട ചോരക്കൊതി പൂണ്ട
ശവംതീനി കഴുകന്മാർ

ജീവനായി കരയുന്ന മനുഷ്യരും
ജീവനെടുക്കാനായി വെമ്പുന്ന മനുഷ്യരും
എന്റെ മണ്ണിൽ നെട്ടോട്ടമോടുന്നു
ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട്
ആരുമില്ലാത്തവരായി...
ആരുമല്ലാത്തവരായി...
മേൽവിലാസമില്ലാത്ത
മനുഷ്യരും...ശവശരീരങ്ങളും...

ഞാൻ ഗാസ

ഭാവിയില്ലാത്ത
ഭ്രൂണത്തിന്റെ
കൈയിലാണ്
സ്വാശ്രയ
കോളേജുകളുടെ
വർത്തമാനം..

# വിദ്യാഭ്യാസ രംഗത്തെ നൂതന പ്രവണതകളും സ്വാശ്രയ കോളേജുകളും



Muhammed Razim
Bcom

"Education is the passport to the future, for tomorrow belongs to those who prepare for it today"

Malcolm X

കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ തേടിയെത്തുന്ന അപേക്ഷകരുടെ എണ്ണം ഓരോ വർഷവും കുറഞ്ഞുവരികയാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ അഭിമാനകരമായ നേട്ടങ്ങൾ കേരളം കൈവരിച്ചുവെങ്കിലും ഉന്നത വിദ്യാഭ്യാസമേഖലയിലെ അവസ്ഥ നിരാശാജനകമാണ്. മികച്ച കോഴ്സുകളും സ്ഥാപനങ്ങളും തേടി കേരളത്തിന് പുറത്തേക്ക് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലെ വർദ്ധനവ് കൂടി പരിഗണിക്കുമ്പോൾ എത്രമാത്രം ഗൗരവതരമാണ് കാര്യങ്ങളുടെ പോക്ക് എന്ന് പരിഗണിക്കാൻ നിർബന്ധിതമായിരിക്കുകയാണ്.

കഴിഞ്ഞവർഷം പുറത്തുവന്ന കണക്ക് പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട നാല് യൂണിവേഴ്സിറ്റികൾക്ക് കീഴിലെ ആർട്സ് & സയൻസ് കോളേജുകളിലെ മൂന്നിലൊന്ന് സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ആകെയുള്ള 2,22,201 ഡിഗ്രി സീറ്റുകളിൽ 82230 (37%) സീറ്റുകളാണ് ഒഴിഞ്ഞു കിടക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടത്. അതിൽ 58065 സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നത് സ്വാശ്രയ കോളേജുകളിലാണ്. നിരവധി തവണ പ്രവേശന നടപടികൾ മാറ്റിവെച്ച ശേഷവും ഈ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളിൽ പ്രവേശനം നേടാൻ വിദ്യാർത്ഥികൾ എത്തുന്നില്ല എന്നത് വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നവരെയും ഭരണാധികാരികളെയും ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്.

ഏറ്റവും കൂടുതൽ ഡിഗ്രി സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ആണ്. അതിൽ തന്നെ സ്വാശ്രയ കോളേജുകളിലാണ് കൂടുതൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത്. എം.ജി., കേരള സർവകലാശാലകളിൽ കൂടുതൽ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതായി റിപ്പോർട്ട് ചെയ്തു. പല കോഴ്സുകളിലേക്ക് ഒരു വിദ്യാർത്ഥി പോലും പ്രവേശനം നേടാത്തവയും ഉണ്ട്. വടക്കേ മലബാറായ കണ്ണൂരിലും സ്ഥിതി മറ്റൊന്നല്ല. സ്വാശ്രയ കോളേജുകൾ കൂടാതെ എയ്ഡഡ് ഗവൺമെന്റ് കോളേജുകളിലും സീറ്റ് ഒഴിഞ്ഞുകിടക്കുന്നുണ്ട്. സ്വാശ്രയ കോളേജുകളുമായി തട്ടിച്ചുനോക്കുമ്പോൾ ഭേദമാണെന്ന് പറയുന്നെങ്കിലും ഇത് ഒരു വർഷത്തെ പ്രതിഭാസം ആണെന്ന് പറഞ്ഞ് ഒഴിയാൻ കഴിയില്ല. 2022-23 അക്കാദമിക്ക് വർഷത്തിൽ കേരളത്തിൽ ആകമാനം 43328 സീറ്റും 2021-2022 വർഷത്തിൽ 47045 സീറ്റുകളും ഒഴിഞ്ഞു കിടന്നതായും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കണക്കുകൾ പരിശോധിക്കുമ്പോൾ കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് 2023-24 വർഷത്തിൽ 47 ശതമാനം വർദ്ധനവാണ് സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതിൽ കാണുന്നത്. ഇതൊരു രണ്ടായി നീങ്ങുന്ന കാഴ്ചയാണ് കാണുന്നത് ഇതൊരു ട്രെൻഡ് ആയി നീങ്ങുന്ന കാഴ്ചയാണ് കാണുന്നത്.

## ശാസ്ത്ര വിഷയങ്ങളോടുള്ള അകൽച്ച

കഴിഞ്ഞ മൂന്നു വർഷങ്ങളിലായി എല്ലാ സർവകലാശാലകളിലും സയൻസ് സീറ്റുകളിൽ ആണ് ഏറ്റവും കൂടുതൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത്. 2021-22 വർഷത്തിൽ കേരള സർവകലാശാലയിൽ 1131 സീറ്റുകളാണ് ഒഴിഞ്ഞുകിടുന്നതെങ്കിൽ 2023-24 വർഷത്തിൽ അത് 3839 ആയി ഉയർന്നു. സമാനമാണ് എം.ജി. സർവ്വകലാശാലയിലെയും അവസ്ഥ. 2021-22 വർഷത്തിൽ 6544 സയൻസ് സീറ്റുകൾ ഒഴിഞ്ഞു കിടന്നപ്പോൾ ഇക്കഴിഞ്ഞ അക്കാദമിക്ക് വർഷത്തിൽ അത് 11564 സീറ്റുകളാണ്. എന്തുകൊണ്ടാണ് ഒരുകാലത്തും സീറ്റുകൾ ഒഴിഞ്ഞു കിടക്കാറില്ലാതിരുന്ന സയൻസ് വിഷയങ്ങളിൽ തെക്കൻ കേരളത്തിലടക്കം ഇത്രയേറെ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതെന്ന് വിദ്യാഭ്യാസവിചക്ഷണർ ആഴത്തിൽ പഠിക്കേണ്ട വിഷയമാണ്. പല കോളേജുകളും കുട്ടികളെ ലഭിക്കാത്തതിനാൽ കോഴ്സ് വേണ്ടെന്ന് വെക്കുന്നുമുണ്ട്. കൂടുതൽ ശാസ്ത്രീയ വിഷയങ്ങളോടാണ് ഈ വിമുഖതയെങ്കിലും മാനവിക-വാണിജ്യ വിഷയങ്ങളിലേക്ക് ഈ പ്രവണത തുടരുന്നതായി കാണാം. അതിവിദൂരമല്ലാത്ത ഭാവിയിൽ വിദ്യാർത്ഥികൾ അവഗണിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്ന ഇടമായിട്ട് നമ്മുടെ സർവ്വകലാശാലകളും

കോളേജുകളും മാറും. ഇത് മുന്നിൽ കണ്ടുകൊണ്ട് തന്നെ പല മാനേജ്മെന്റുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശുപത്രിയും വാണിജ്യ സ്ഥാപനങ്ങളുമാക്കി പരിവർത്തിപ്പിച്ചിട്ടുണ്ട്.

## കാരണങ്ങൾ

ഈയൊരു വിഷയത്തെ സാമൂഹികമായി പരിഗണിച്ചാൽ ചെന്നെത്തുന്ന ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടെന്ന് നമുക്ക് മനസ്സിലാക്കാം. സാമൂഹിക ചിന്തകരും സാമ്പത്തിക ശാസ്ത്രജ്ഞന്മാരും വിദ്യാഭ്യാസ മേഖലയിലുള്ളവരും മുഖ്യ പരിഗണന കൊടുത്ത് കാരണങ്ങൾ കണ്ടെത്തുന്നുണ്ട്. സാമൂഹിക മാറ്റത്തിൽ വലിയ മാറ്റത്തിലേക്ക് പരിവർത്തിപ്പിക്കുമ്പോൾ അത് ഉണ്ടാകുന്ന അനുകൂലവും പ്രതികൂലവും ആയ അവസ്ഥകളെ നാം തരണം ചെയ്യേണ്ടതുണ്ട്. സ്വാശ്രയ കോളേജുകളുടെ നിലനിൽപ്പ് തന്നെ അവതാളത്തിലാകുന്ന ഈ വ്യവസ്ഥ ഉന്നത വിദ്യാഭ്യാസ മേഖലയെ ആകമാനം ബാധിക്കാൻ ഇടയുണ്ട്.

## വിദ്യാഭ്യാസ കുടിയേറ്റം

ഉന്നത വിദ്യാഭ്യാസം തേടി കേരളത്തിൽ നിന്നും പുറം നാടുകളിലേക്ക് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചു വരികയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അത് നമ്മുടെ നാടിനെ ഒരു വൃദ്ധസദനമാക്കി മാറ്റുന്നുണ്ടോ എന്ന സംശയം ഉടലെടുത്തു തുടങ്ങി. നമ്മുടെ ക്യാമ്പസുകളിലെ വിദ്യാർത്ഥികളുടെ എണ്ണം നാൾക്കുനാൾ കുറയുന്നു. വിദ്യാഭ്യാസമേഖലയിലെ ഈ പ്രവണതയെ പലനിലക്കാണ് ആളുകൾ മനസ്സിലാക്കുന്നത്. ഉന്നത വിദ്യാഭ്യാസമേഖലയിൽ കേരളം നേരിടുന്ന നിലവാര തകർച്ചയുടെ സൂചനയാണിത്. ഇതിനെ ഒരു അവസരമായി കണ്ട് വിദ്യാഭ്യാസം തേടി പുറത്തേക്ക് പോകുന്നത് നാടിന്റെ വളർച്ചയ്ക്ക് ഉതകുമെന്ന് കരുതാമെങ്കിൽ അത് നമ്മുടെ നാടിന്റെ മനുഷ്യ വിഭവ ശേഷിയുടെ നഷ്ടമാകും.

## അവസരങ്ങളുടെ അപര്യാപ്തത

മലബാർ മേഖലയിൽ അടക്കം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവും കോഴ്സുകളുടെ കുറവും വിദ്യാർത്ഥികളെ മാറി ചിന്തിപ്പിക്കുന്നുണ്ട്. തങ്ങൾക്ക് ലഭിക്കേണ്ട അവകാശങ്ങൾ നൽകാതിരിക്കുമ്പോൾ തിരിച്ച് അതിൽ പ്രതിഷേധിക്കുവാൻ പരാതിപ്പെടാൻ ശ്രമിക്കുന്നതിന് പകരം ഈ വ്യവസ്ഥിതിക്ക് അനുസരിച്ച് നിൽക്കാൻ ഞങ്ങൾ തയ്യാറല്ല എന്നതാണ് പുതിയ തലമുറയുടെ പ്രവർത്തനരീതി. അവർ ഈ നാടിനെ കതകടച്ച് പുറത്താക്കുകയാണ്.

സ്വാഭാവികമായും വിദ്യാഭ്യാസം നേടാനുള്ള ഔത്സുക്യവും അതിലൂടെ മാത്രമേ നിലവിലുള്ള ദൂര വ്യവസ്ഥകളെ അതിവർത്തിക്കാനാകൂ എന്ന തിരിച്ചറിവും കേരളത്തിലുടനീളവും മലബാർ മേഖലയിൽ പ്രത്യേകിച്ചും വരുത്തിയ മാറ്റം ഇന്ന് നടക്കുന്ന പരീക്ഷകളിൽ ഉയർന്ന തോതിലുള്ള വിജയത്തിലൂടെ നമുക്ക് തിരിച്ചറിയാവുന്നതാണ്. തുടർപഠന സാധ്യതയുള്ള ഏറ്റവും മികച്ച സ്ഥാപനങ്ങൾ തിരഞ്ഞെടുക്കാനും മികച്ച വിദ്യാഭ്യാസം ഉറപ്പുവരുത്താനും ശ്രമിക്കുക എന്നതാണ് പുതിയ തലമുറ ലക്ഷ്യമാക്കുന്നത്.

## തൊഴിൽപരം

തൊഴിൽക്ഷമത വിദ്യാഭ്യാസം പര്യാപ്തമല്ല എന്നത് ഒരു പ്രശ്നമായി കാണുന്നു. തൊഴിലെടുക്കാനുള്ള കഴിവ് വിദ്യാഭ്യാസത്തിലൂടെ കരസ്ഥമാക്കാൻ സാധിക്കാതെ വരുന്നത് വിദ്യാർഥികളെ മറ്റൊന്ന് ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്നു. മുന്നോട്ട് ജീവിക്കാനുള്ള സാധ്യത തേടുന്ന പ്രക്രിയയാണ് തൊഴിൽ. ഒരു പ്രധാന കാരണം തൊഴിൽപരമായി മറ്റിടങ്ങളിൽ കിട്ടുന്ന അന്തസ്സോ ശമ്പളമോ ഇവിടെ പല ജോലികൾക്കും ലഭിക്കുന്നില്ല എന്നത് കൂടിയാണ്. കേരളീയ സാമൂഹിക പശ്ചാത്തലവും ചിന്തകളും ഒഴിവാക്കിയാലും നല്ല വരുമാനം ഉറപ്പുവരുത്താൻ സാധിക്കുമെങ്കിൽ നമുക്ക് അവരെ പിടിച്ചു നിർത്താൻ സാധിക്കും. അല്ലാത്തപക്ഷം അവർ ജീവിത നിലവാരവും സാമ്പത്തിക സുരക്ഷിതത്വമുള്ള ഇടങ്ങളിലേക്ക് ചേക്കേറും. ഈയൊരു സാഹചര്യത്തിലാണ് അത്ര മെച്ചമല്ലാത്ത സ്ഥാപനങ്ങളിലേക്ക് പോലും വിദ്യാർഥികൾ കുടിയേറുന്നത്. എത്രമാത്രം തൊഴിലുകൾ ഏതുതരത്തിലുള്ള ജോലികളാണ് നാം പുതിയ തലമുറയിലുള്ള ആളുകൾക്കായി ലഭ്യമാക്കേണ്ടത്, അതിനുതകുന്ന വേതനവും മാന്യതയും അന്തസ്സും ഉറപ്പാക്കാൻ നമുക്ക് സാധ്യമാകണം.

## സിലബസും മറ്റു പരിഷ്കരണങ്ങളും

ഒട്ടും പുതുമയില്ലാത്ത സിലബസിൽ ഊന്നിയുള്ള വിദ്യാഭ്യാസം ആരെയും മടുപ്പിക്കും. ഒരു ബിരുദാനന്തര ബിരുദ ക്ലാസുകളിൽ പോലും അറിവിന്റെ മികച്ച പിന്തുടരൽ മാതൃക ഉറപ്പാക്കാൻ സിലബസുകൾ പ്രാപ്തമല്ല. മികച്ചതെന്ന് നാം കരുതുന്ന പല സ്ഥാപനങ്ങളിലും നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളിൽ ഒന്ന് സിലബസ് പുനക്രമീകരണമാണ്. മാസങ്ങളോളം നിരവധി ആളുകൾ ചേർന്ന് നടപ്പിലാക്കുന്ന ബൃഹത്തായ ഒരു പ്രവർത്തനമാണിത്. നമ്മുടെ ഇടയിൽ നടക്കുന്നത് സിലബസ് ചടങ്ങ് ഒപ്പിക്കുന്ന പ്രവർത്തനം ആയിട്ടാണ്.

സിലബസ് തീർക്കുന്നതിലും പരീക്ഷകളിൽ വിജയം ഉറപ്പാക്കുന്നതിലും മാത്രം ഊന്നിനടക്കുന്ന ഒരു വ്യായാമം മാത്രമാണ് ഉന്നത വിദ്യാഭ്യാസം. വ്യക്തതയില്ലാത്ത പഠനോത്സവത്തിന്റെ വാർപ്പ് മാതൃകയാണ് നാം പിന്തുടരുന്നത്. ചോദ്യപേപ്പറുകൾ നിലവാരം ഉറപ്പാക്കുന്ന വിധത്തിൽ അല്ല ലഭ്യമാകുന്നത്. പലപ്പോഴും സ്ഥാപനത്തിന്റെ നിലവാരം അളക്കാൻ കമ്മിറ്റികൾ നൽകുന്ന മാന മാനദണ്ഡങ്ങളുടെ ഉറപ്പാക്കലുകൾക്ക് മാത്രമായി അവ ചുരുങ്ങിപ്പോകുന്നു.

ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ പലപ്പോഴും പൂർണമായും വൈദഗ്ധ്യമുള്ള വിദ്യാർത്ഥികളെ ആകണമെന്നില്ല ലഭിക്കുന്നത്. അങ്ങനെയെങ്കിൽ അവരെ മികവുറ്റവരാക്കി എടുക്കാനുള്ള മെന്ററിങ് സിസ്റ്റം പോലുള്ള സാധ്യതകളെ എത്രകണ്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്? എത്ര സ്ഥാപനങ്ങളാണ് തുടർച്ചയായ മൂല്യനിർണയ സംവിധാനം ഉറപ്പുവരുത്തുന്നത്? എത്ര ഇടങ്ങളിലാണ് പുതിയ പുസ്തകപരിചയങ്ങളും വിഷയങ്ങളിൽ വരുന്ന മാറ്റങ്ങളെ കുറിച്ചുള്ള അവബോധം വിദ്യാർത്ഥികൾക്കിടയിൽ ഉണ്ടാക്കിയെടുക്കാനുള്ള ശ്രമങ്ങളിൽ ഏർപ്പെടുന്നതും? നമുക്ക് സാധ്യമാകുന്നത് പോലും മികവുതേടി പോകുന്ന ഒരു വലിയ വിഭാഗം കുട്ടികളെ ഓർത്ത് നാം പരിഭവപ്പെടുന്നതിന് പകരം തിരഞ്ഞെടുപ്പുകൾ നടത്തിയവരിൽ പോലും ശരിയായ പാത കാണിച്ചു കൊടുക്കുന്നതിന് ഉതകുന്ന വിധം വിദ്യാഭ്യാസ മാതൃകകൾ മാറ്റിയെടുക്കേണ്ടതുണ്ട്.

ഇന്ന് 'നാക്' പോലുള്ള അക്രഡിറ്റേഷൻ ഏജൻസികളുടെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം നടപ്പിൽ വരുത്തുന്ന പദ്ധതികളും പരിപാടികളുമാണ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ. എൻ.ആർ.എഫ്.ഐ പോലുള്ള ഏജൻസികൾ നടത്തുന്ന കോളേജുകളും യൂണിവേഴ്സിറ്റികളും നില മെച്ചപ്പെടുത്തിയിട്ടുണ്ട്. പക്ഷേ ഉന്നത വിദ്യാഭ്യാസത്തെ ഗൗരവത്തോടെ കാണുന്നവർ ഈ ഏജൻസികളുടെ റാങ്കിംഗിനെ ഏതെങ്കിലും തരത്തിൽ ഗൗരവത്തിൽ എടുക്കുന്നില്ല. റാങ്കിംഗ് മെച്ചപ്പെടുത്താൻ വേണ്ടി ഏജൻസികളുടെ പരിശോധനയ്ക്ക് മുന്നോടിയായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന ട്രിപ്പീസ് കളികൾ പകൽവെളിച്ചം പോലെ വ്യക്തമാണ്. മാത്രമല്ല അക്കാദമികമായ മികവിനെക്കാൾ പശ്ചാത്തല സൗകര്യങ്ങളുടെ കാര്യത്തിലാണ് സ്ഥാപനങ്ങൾക്ക് മാർക്ക് ലഭിച്ചിരിക്കുന്നത് എന്നത് ഈ ഏജൻസികളുടെ റിപ്പോർട്ടുകൾ പരിശോധിച്ചാൽ മനസ്സിലാകും.

### രാഷ്ട്രീയാന്തരീക്ഷം

കലാലയ രാഷ്ട്രീയം ഇരുതല മൂർച്ചയുള്ള വാൾ ആണ്. അവകാശങ്ങൾ നേടിയെടുക്കാനും ആത്മാഭിമാനത്തോടെ പഠനം നടത്താനുമെല്ലാം കലാലയങ്ങളിൽ രാഷ്ട്രീയ സാന്നിധ്യം അനിവാര്യമാണ്. എന്നാൽ കേരളത്തിൽ പലപ്പോഴും ഈ രാഷ്ട്രീയ സാന്നിധ്യം ഒരു അക്കാഡമിക് അന്തരീക്ഷമല്ല ഉണ്ടാക്കിയെടുക്കുന്നത്. തുറന്ന സംവാദത്തിന്റെയോ ചർച്ചകളുടെയോ വാതായനമല്ല കക്ഷിരാഷ്ട്രീയം കലാലയങ്ങളിൽ സാധ്യമാക്കുന്നത്. അതൊരുതരം അധികാരാധിഷ്ഠിതമായ ശക്തിയായാണ് നിലനിൽക്കുന്നത്.

രാഷ്ട്രീയ ഇടപെടലുകൾ തീരെയില്ലാത്ത മാനേജ്മെന്റ് സ്ഥാപനങ്ങളിലെ സ്ഥിതിയും വ്യത്യസ്തമല്ല. അവിടെയും തുറന്ന ഇടപെടലുകൾ സാധ്യമാകുന്ന ചർച്ചകൾക്കും സംവാദങ്ങൾക്കും സാഹചര്യമില്ല. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒരു വില്ലേജ് ഓഫീസ് മാതൃകയിൽ അതിലെ ജോലിക്കാരാൽ നടത്തപ്പെടുന്ന ഇടങ്ങൾ ആവുകയാണ്. സമയക്രമീകരണം പോലും ഇത്തരം ഗവൺമെന്റ് സ്ഥാപനങ്ങളെ അനുസ്മരിപ്പിക്കും വിധത്തിലാണ് നിർണയിക്കപ്പെട്ടിട്ടുള്ളത്. കെട്ടിടങ്ങൾ പോലും അത്തരത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതാണ്. പലയിടത്തും ആവശ്യത്തിന് ഇരിപ്പിടങ്ങൾ പോലുമില്ല. നടപടിക്രമങ്ങളുടെ അതിബാഹുല്യവും ഇത്തരത്തിൽ സ്ഥാപനങ്ങളുടെ മുഖമുദ്രയാണ്. അംഗീകാരങ്ങൾക്കു മാത്രമായി അഞ്ചുവർഷത്തിലൊരിക്കൽ നടപ്പിലാക്കുന്ന മോടിപിടിപ്പിക്കലുകളുടെ അപ്പുറത്തേക്ക് യാതൊരുതരത്തിലുള്ള സൗകര്യങ്ങളും ഈയിടങ്ങളിൽ ഉണ്ടാകുന്നില്ല. അതുകൊണ്ടുതന്നെ ഉന്നത വിദ്യാഭ്യാസ മേഖലയെ കുറിച്ചുള്ള ആശങ്കകളെ കേവലം അവകാശവാദങ്ങൾ മുൻനിർത്തിയുള്ള ആഘോഷങ്ങളെ കൊണ്ട് മറയിടാൻ ശ്രമിക്കുന്നത് യഥാർത്ഥ പ്രശ്നങ്ങളിൽ നിന്നും ഒളിച്ചോടാൻ മാത്രമേ സഹായിക്കൂ.

### ആശ്രയമില്ലാത്ത സ്വാശ്രയ വിദ്യാഭ്യാസമേഖല

കേരളത്തിലെ സ്വാശ്രയ മേഖലയിലെ ആർട്സ് & സയൻസ് കോളേജുകൾ വിദ്യാർത്ഥികളെ ലഭിക്കാത്തതിനാൽ അനുഭവിക്കുന്ന പ്രതിസന്ധികളെ പോലെ തന്നെ ചർച്ച ചെയ്യപ്പെടേണ്ടതാണ് അവ നേരിടുന്ന വെല്ലുവിളികളും. കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്ത് കഴിഞ്ഞ രണ്ട് ദശകങ്ങളിലായി ഒട്ടേറെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. മലബാറിലെ വിദ്യാഭ്യാസ രംഗത്തെ സർക്കാർ സംവിധാനങ്ങളുടെ അപര്യാപ്തത ഒരു പരിധിവരെ

പരിഹരിച്ചതും സ്വാശ്രയമേഖലയിലെ ആർട്സ് & സയൻസ് കോളേജുകളും പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമാണ്. ഓരോ കാലഘട്ടത്തിലും വിദ്യാർത്ഥികളുടെ ഒഴുക്ക് ഏറ്റവും കൂടുതലുള്ള മേഖലകളിൽ സ്ഥാപനങ്ങൾ തുടങ്ങി ലാഭം നേടുക എന്നതാണ് സ്വാശ്രയ കോളേജുകളുടെ ഭൂരിപക്ഷത്തിന്റെയും ചിന്ത. ഒരു പഠന മേഖലയിലേക്കുള്ള വിദ്യാർത്ഥികളുടെ ഒഴുക്ക് നിലക്കുന്നതോടെ ആ മേഖലയിലെ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടു പോകാൻ കഴിയാതെ ആവുകയും സ്ഥാപനം അടച്ചുപൂട്ടുന്നതിന് കാരണമാവുകയും ചെയ്യുന്നു. യോഗ്യതയുള്ള അധ്യാപകരുടെ അഭാവം, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, കാലികമായ മാറ്റങ്ങളോട് പ്രതികരിക്കാൻ കഴിയാതെ പോവുക എന്നിവയെല്ലാം സ്വാശ്രയ സ്ഥാപനങ്ങൾ പൂട്ടിപ്പോകാൻ കാരണമാണ്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ അനുനിമിഷം വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെ പെട്ടെന്ന് തന്നെ തിരിച്ചറിഞ്ഞ് അതിനനുസരിച്ച് തങ്ങളുടെ സ്ഥാപനങ്ങളിൽ വരുത്തേണ്ട അക്കാദമികമായ മാറ്റങ്ങളെ കുറിച്ച് സ്വാശ്രയ കോളേജുകൾ ബോധവാന്മാരാകണം. കഴിവുള്ള ആളുകളെ കണ്ടെത്തി അവർക്ക് ആവശ്യമായ ട്രെയിനിങ് നൽകുകയും അവരെ സ്ഥാപന ത്തിന്റെ ഭാഗമാക്കുകയും ചെയ്യണം. ഓരോ പഠന മേഖലയിലെയും പുതിയ ട്രെൻഡുകളെ പഠിച്ചുകൊണ്ടിരിക്കണം. അതിനനുസരിച്ച് വിദ്യാഭ്യാസ സമീപനത്തെയും പദ്ധതികളെയും ദ്രുതഗതിയിൽ മാറ്റാനും പുതുക്കിപ്പണിയാനും കഴിയുന്ന 'അക്കാദമിക് അഡ്മിനിസ്ട്രേറ്റർ'മാർ സ്ഥാപനങ്ങൾക്ക് നേതൃത്വം കൊടുക്കണം. സ്ഥാപനങ്ങൾ അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന അന്തരീക്ഷവും ഭൗതിക സൗകര്യങ്ങളും ഉണ്ടാക്കാൻ കഴിഞ്ഞാൽ മാത്രമേ വിദേശത്തേക്ക് കുടിയേറാൻ നിൽക്കുന്ന പുതുതലമുറയെ സ്വാശ്രയ കോളേജുകളിലേക്ക് ആകർഷിക്കാൻ ആവൂ.

# സ്വാശ്രയ
# അധ്യാപക
# ജീവിതം...



# അധ്യാപനം

**ബിബിൻ തോമസ് എം**

എന്റെ എട്ടാമത്തെ ജോലിയാണ് അധ്യാപനം, എന്നെ പഠിപ്പിച്ച പല നല്ല അധ്യാപകരെയും മാതൃകയാക്കിയാണ് അധ്യാപന ശൈലി തുടങ്ങിയത്, പല അധ്യാപകരും എന്നിൽ മാറ്റം വരുത്തിയത് പോലെ എനിക്കും പലരെയും സ്വാധീനിക്കാൻ സാധിച്ചിരുന്നു. തിരുത്തിയത് എന്തിനാണെന്ന് തിരിച്ചറിയുന്ന പ്രായത്തിൽ അത് ചെയ്തവരോട് സ്നേഹം തോന്നും എന്നതിന് കാലക്രമത്തിൽ വലിയ പ്രസക്തി ഇല്ലാതായി. കുട്ടികളെപ്പോലെതന്നെ എല്ലാവർക്കും പ്രീതി കുട്ടികളോട് കൂട്ടുകാരാകുന്ന അധ്യാപകരോടായി.

ചോദിക്കാനും പറയാനും ആരും ഇല്ലാത്ത സ്വാശ്രയ കോളേജിലെ അധ്യാപകനായ എനിക്ക് കാലത്തിനൊത്ത് കോലം കെട്ടുകയല്ലാതെ ഉലയാതെ നിൽക്കാൻ പ്രയാസമായി വരുന്നു...



# സഫലമീ യാത്ര

**സുസ്മിത ബാബു.**

അനുഭവങ്ങളാൽ സമ്പന്നമായ ഒരു കാലം എന്നും ഓർമ്മയിൽ സൂക്ഷിക്കാനാവുക എന്നത് ഏതൊരാളെ സംബന്ധിച്ചും സന്തോഷകരമായ കാര്യമാണ്. ഒറ്റയ്ക്കിരിക്കുന്ന നേരങ്ങളിൽ പ്രത്യേകിച്ചു പോയ കാലത്തിന്റെ ഓർമ്മ വഴികളിലൂടെ എത്ര ദൂരം തിരിച്ചു നടക്കാറുണ്ട് നമ്മൾ. മുൾമുന കളും പൂമെത്തകളും ഇരുളും വെളിച്ചവും ഒക്കെയായി മാറിയ എത്രയെത്ര അനുഭവങ്ങളാൽ സമ്പന്നരാണ് ഓരോരുത്തരും.

2004 ജൂൺ ആദ്യവാരത്തിലാണ് ഒരു അതിഥി അധ്യാപികയായി സർസയ്യിദ് ഇൻസ്റ്റിറ്റ്യൂട്ടിലെത്തിയത്. പഠിച്ചും പഠിപ്പിച്ചും വ്യത്യസ്ത ബാച്ചുകളിലെ കുട്ടികളുമായി ചേർന്നു നിന്ന നീണ്ട ഇരുപത് വർഷങ്ങൾ ..തിരിഞ്ഞു നോക്കുമ്പോൾ ഒരു ചലച്ചിത്രത്തിലെന്നോണം ഓർമ്മയിലെ തിരശ്ശീലയിൽ തെളിയുന്നു.

ആദ്യത്തെ പ്രിൻസിപ്പാൾ പ്രൊഫ. വിജയൻ സാർ, CDMEA മാനേജ്മെന്റിലെ ബഹുമാനപ്പെട്ട കായിംക്ക എന്നറിയപ്പെട്ട അബ്ദുൾ ഖാദർ സർ, കെ വി മുഹമ്മദ് കുഞ്ഞി മാസ്റ്റർ, ഖാലിദ് എഞ്ചിനീയർ സർ ഉൾപ്പെടെയുള്ള അംഗങ്ങൾ ഉണ്ടായിരുന്ന ഇന്റർവ്യൂ ബോർഡിന് മുന്നിലെത്തിയപ്പോൾ അക്ഷരാർത്ഥത്തിൽ പരിഭ്രമമുണ്ടായിരുന്നു. ഹൃദയത്തെ കുറിച്ച് ക്ലാസെടുത്തതും ഫിറമോണുകളെ കുറിച്ച് ചോദിച്ചതും ഒക്കെ ഇപ്പോഴും ഓർമ്മയിലുണ്ട്. സ്കൂൾ കാലം മുതലുള്ള സ്വപ്നമായിരുന്നു SSITS BSc Microbiology യുടെ ആദ്യബാച്ചിന്റെ ഫിസിയോളജി അധ്യാപിക ആവാൻ പറ്റിയതു വഴി സഫലമായത്.

കേട്ടുപരിചയമുള്ള മറ്റ് സ്വാശ്രയ മാനേജ്മെന്റിൽ നിന്ന് വിഭിന്നമായി ജീവനക്കാരോട് ഏറ്റവും മികച്ച രീതിയിലുള്ള പെരുമാറ്റ രീതിയാണ് നാളിതുവരെ

SSITSൽ ഉണ്ടായിട്ടുള്ളത് എന്നത് വലിയ കാര്യമാണ്. പാഠ്യ പാഠ്യേതര വിഷയങ്ങളിൽ സ്വതന്ത്രമായി ഇടപെടാൻ ഓരോ അധ്യാപകർക്കും കഴിയുന്നു എന്നത് അധ്യാപകരിൽ മാനേജ്മെന്റ് അർപ്പിച്ച വിശ്വാസം കൊണ്ടു തന്നെയാണ്

പല കാലങ്ങളിലായി , NSS Program Officer, PTA Secretary, Ladies Club Secretary, Magazine Editor, Nature Club Convenor, Class Tutor തുടങ്ങിയ ചുമതലകളിൽ ഉണ്ടായിരുന്നത് കൊണ്ടു തന്നെ പൊതുവായ പല ആവശ്യങ്ങൾക്കും മാനേജ്മെന്റ് അംഗങ്ങളുമായി നേരിട്ട് സംസാരിക്കാനായത് വലിയ അനുഭവങ്ങളായിരുന്നു. പ്രത്യേകിച്ചും PTA Secretary ആയിരുന്ന കാലത്ത് കോളേജ് ബസ് അനുവദിച്ചു കിട്ടുവാനുള്ള ആദ്യകാല ചർച്ചയ്ക്കായി, അന്നത്തെ പ്രിൻസിപ്പാൾ ആയിരുന്ന നാരായണൻ സാറിനോടും PTA vice President, Basheer Saadi യോടുമൊപ്പം കെ.വി മാഷിന്റെ വീട്ടിൽ പോയതും, സംസാരത്തിനിടെ കെ.വി.മാഷ് രസകരമായ സ്കൂൾ, ഫറൂക്ക് കോളേജ് അനുഭവങ്ങൾ പങ്കുവെച്ചതും സ്നേഹത്തോടെ ഓർക്കുന്നു.

ഇത്രയും വർഷങ്ങൾക്കിടയിൽ ക്ലാസ്മുറികളിലും ക്യാമ്പസിലും ഉണ്ടായ മാറ്റങ്ങൾ ഒട്ടനവധിയാണ് . വിദ്യാർത്ഥികളുടെ പെരുമാറ്റ രീതിയിലും, ജീവിത പശ്ചാത്തലത്തിലും പ്രകടമായ മാറ്റങ്ങൾ വന്നു കഴിഞ്ഞു. വാർഷിക പരീക്ഷകളിൽ നിന്ന് സെമസ്റ്റർ സിസ്റ്റത്തിലേക്കും മാർക്കിൽ നിന്ന് ഗ്രേഡിലേക്കും പിന്നീട് തിരിച്ച് മാർക്കിലേക്കും മൂന്നു വർഷ ബിരുദത്തിൽ നിന്ന് നാലു വർഷ ങ്ങളിലേക്കും ഒക്കെയുള്ള മാറ്റങ്ങൾ വിദ്യാഭ്യാസ നിലവാരത്തെയും കാര്യമായി ബാധിച്ചു കഴിഞ്ഞു. കാലത്തിനനുസരിച്ച് സ്വയം മാറ്റിപ്പണിയാൻ ഓരോരുത്തരും നിർബന്ധിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്.

കോളേജിൽ ചേരാൻ വന്ന ദിവസം എന്നെപ്പോലെ പുതുമുഖമായി എത്തിയ നിസാമുദ്ദീൻ സാറാണ്, ഇടയ്ക്ക് ലീവെടുത്തെങ്കിലും പിന്നീടുള്ള വർഷങ്ങളിൽ മൈക്രോബയോളജി തലവനായി കൂടെയുള്ളത്. അജേഷ് സർ , പ്രേമരാജൻ സർ, മീന മിസ്, മോളിമിസ്, സിദ്ദിഖ് സർ, റുബീന മിസ്, സ്മിത മിസ്, ശ്രീജിത്ത് സാർ, കമൽസർ, ഡയാന മിസ് , രാഗേഷ് സർ ..തുടങ്ങി ഒട്ടനവധി പ്രിയപ്പെട്ട സഹപ്രവർത്തകർ എന്നും ഓർമ്മകളിൽ സൗഹാർദ്ദം കൊണ്ട് അടയാളപ്പെട്ടവരാണ്.

പ്രിയപ്പെട്ട റസീല, അരുൺ എന്നിവരുടെ അകാല വിയോഗം വലിയ സങ്കടമായി എന്നും ഉള്ളിലുണ്ട്.

വിജയൻ സർ , ഗംഗാധരൻ സർ ,കൃഷ്ണനൻ സർ , നാരായണൻ സർ ,

സാഹിൽ സർ, ഖലീൽ സർ എന്നീ പ്രിൻസിപ്പാൾമാരുടെ സ്നേഹവും പിന്തുണയും എന്നും പ്രചോദനമാണ്.

എഴുത്തിലും മറ്റ് സാംസ്കാരിക പ്രവർത്തനങ്ങളിലും ഇടക്കെങ്കിലും ഇടപെടാൻ പറ്റിയത് നിർലോഭമായ പിന്തുണ കൊണ്ടു മാത്രമാണ്. രണ്ടാമത്തെ കഥാസമാഹാരം ഉടൽവേരുകളുടെ പ്രകാശന വേളയിൽ  പുസ്തകം പ്രമുഖ കഥാകൃത്ത് വി.ആർ സുധീഷിൽ നിന്ന് ഏറ്റുവാങ്ങിയത് പ്രിയപ്പെട്ട അള്ളാംകുളം മഹമ്മൂദ് സാർ ആയിരുന്നു.

തിരിഞ്ഞു നോക്കുമ്പോൾ പ്രിയ കവി എൻ. എൻ കക്കാടിന്റെ വരികളാണ് ഓർമ്മയിൽ തെളിയുന്നത്. പരിമിതമായ ജീവിത സ്വപ്നങ്ങൾ എന്റെ ദൗർബല്യമായിരിക്കാം. എങ്കിലും പറയാതിരിക്കാൻ വയ്യ...

'സഫലമീയാത്ര'

# സ്വയം ആശ്രയം

**ഷിജിൽ. കെ.**



സ്വാശ്രയം അതായത് സ്വയം ആശ്രയം ..... ഒരുവൻ അവനെ തന്നെ ആശ്രയിക്കുന്നത്. ... ജീവിത സാഹചര്യങ്ങളിൽ സ്വതന്ത്രമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് സ്വയം ആശ്രയിക്കുന്ന ഒരു വ്യക്തി ചെയ്യുന്നത് ...

ചിലർക്ക് പ്രതീക്ഷകൾ അസ്തമിക്കുമ്പോഴുള്ള ഒരു തണൽ ആയും .... മറ്റു ചിലർക്ക് ജീവിതയാത്രയിൽ ഒന്നിച്ച് നിന്ന് ജീവിതം പടുത്തുയർത്താൻ ഉള്ള ആശ്രയവുമാണ് യഥാർത്ഥത്തിൽ സ്വാശ്രയ കോളേജ് ജീവിതം ...

സ്വാശ്രയത്വം അധ്യാപക ജീവിതത്തിൽ ആശ്രയം ആയി മാറി കൊണ്ടിരിക്കുകയാണ് ...... സ്വാശ്രയ കോളേജ് അധ്യാപകൻ ആശ്രയത്താൽ ചുറ്റപ്പെട്ടിരിക്കുകയാണ് ....



# ടാക്സ്

സജീവ് . എം.

മൂന്നാമത്തെ പിരിയഡ് ആണ്, ഇന്റർവെൽ കഴിഞ്ഞ് കുട്ടികൾ ക്ലാസിൽ കയറി വരുന്നതേ ഉള്ളു, പോർഷൻ തീർക്കേണ്ടതിനാൽ വേഗം തന്നെ രജിസ്റ്റർ എടുത്ത് പേര് വിളിച്ച് അറ്റന്റൻസ് എടുത്ത് തീർത്തു. രജിസ്റ്റർ മടക്കി വച്ചിട്ടും പിന്നെയും ഒരോരുത്തരായി കയറി വന്നു കൊണ്ടേയിരിക്കുന്നു.

വരുന്നവരോട് എന്നും ദേഷ്യപ്പെടുന്നപോലെ ചെയ്താൽ ഇന്ന് എടുത്ത് തീർക്കാൻ വിചാരിച്ച Income tax rate ഉം Calculation ഉം എവിടെയും എത്തില്ല എന്ന് മനസിലാക്കിയതിനാൽ വരുന്നവരൊക്കെയും ഒന്നും പറയാതെ ഞാൻ ക്ലാസിൽ കയറ്റി ഇരുത്തി.

ക്ലാസ് തുടങ്ങി, വരുമാനത്തെക്കുറിച്ചും അതിന് കൊടുക്കേണ്ടി വരുന്ന നികുതിയെപ്പറ്റി യുമൊക്കെ പറഞ്ഞ് ഞാൻ അതിന്റെ സ്ലാബ് റേറ്റിനെ കുറിച്ച് പറയാൻ തുടങ്ങി. ബോർഡിൽ എഴുതി വച്ചു, വരുമാനം 2,50000 കുറവാണെങ്കിൽ നികുതി വേണ്ട ,കൂടി വരുന്ന 5%,20%, 30% ഒക്കെ പറഞ്ഞു വന്നു, ഇടയിൽ ഏറ്റവും പിറകിൽ ഇരുന്ന അവൻ എണീറ്റ് നിന്ന് ചോദിച്ചു. 'ഇതിലെ ഏതാണ് സർ അടക്കുന്നത്' എന്ന്. അവന് ഇവിടുന്നുള്ള ശമ്പളത്തെക്കുറിച്ച് അറിഞ്ഞത് കൊണ്ടോ അല്ലയോ അറിയില്ല, എങ്കിലും ആ ചോദ്യത്താൽ ഞാൻ ഒരു നിമിഷം മിണ്ടാതെ നിന്നു, എന്റെ ശബ്ദം നിന്നതിനാൽ ക്ലാസ് മുഴുവൻ നിശബ്ദമായി, ആ നിശബ്ദ്തയിൽ ഞാൻ അവന്റെ ചോദ്യത്തിലേക്ക് കടന്നു ചെന്നു,ഇതേ ചോദ്യം ഞാൻ എന്നോട് തന്നെ ചോദിച്ചു, എന്നെപ്പോലെ ഉള്ള മറ്റുള്ളവരെക്കുറിച്ച് ഓർത്തു, എന്നിട്ട് പറഞ്ഞു, 'വരുമാനത്തേക്കാൾ ഏറെ ചിലവുകൾ വരുന്നവർ ഞാൻ ഇപ്പോൾ പഠിപ്പിച്ചു തന്ന സ്ലാബിന്റെ ആദ്യത്തെ പ രിധിയിൽ എന്നും ഉണ്ടായിരിക്കു'മെന്ന് ബെൽ അടിച്ച് ക്ലാസിൽ നിന്ന് ഇറങ്ങുമ്പോൾ രണ്ട് കാര്യങ്ങൾ എന്റെ മനസ്സിലുണ്ടായിരുന്നു, അതിൽ ഒന്ന് അവരുടെ ഓർമയിൽ എന്നും Income tax Slab ഉണ്ടായിരിക്കുമെന്നും മറ്റൊന്ന് നമ്മൾ എന്നായിരിക്കും ആ സ്ലാബിന്റെ മറ്റ് പരിധിയിൽ എത്തിപ്പെടുക എന്നും.



Remya Raghunatham

സ്വാശ്രയ കോളേജ് അധ്യാപിക എന്ന നിലയിൽ സമ്മിശ്രമായ കുറേ അനുഭവങ്ങളാണ് എനിക്കുള്ളത്. കുറേ വെല്ലുവിളികളും സമ്മർദ്ദങ്ങളും ഒക്കെ ഉണ്ടെങ്കിലും സന്തോഷത്തിന്റെ കുറേ സാഹചര്യങ്ങളും ഉണ്ടായിട്ടുണ്ട് 9 വർഷമായി ഞാൻ പഠിപ്പിക്കുന്നത് ഒരേ കോളേജിൽ തന്നെയാണ്. എന്റെ വ്യക്തിപരമായ കാര്യങ്ങൾ നോക്കുകയാണെങ്കിൽ എന്നിലെ വിദ്യാർത്ഥിയെയും അധ്യാപികയെയും ഒരുപോലെ മുന്നോട്ടു കൊണ്ടു പോകാൻ എനിക്ക് സാധിച്ചിട്ടുണ്ട്.

പക്ഷേ പൊതുവായി പറയുകയാണെങ്കിൽ സ്വാശ്രയ കോളേജിന്റെ മാനേജ്മെന്റിന്റെ സാമ്പത്തിക സാഹചര്യങ്ങൾക്ക് അനുസരിച്ച് അധ്യാപകരുടെ ശമ്പള സ്ഥിതി മാറി വരാം. അത് ചിലപ്പോൾ വിദ്യാർത്ഥികൾ ഫീസ് അടയ്ക്കാതിരിക്കുകയോ അവരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് അനുഭവപ്പെടുകയോ ചെയ്യുമ്പോൾ സംഭവിക്കാവുന്ന താണ്. അതുകൊണ്ടുതന്നെ അധ്യാപകരുടെ ജോലിയിൽ ഒരു സ്ഥിരതയും പറയാൻ ആവുകയില്ല.

സ്വാശ്രയ കോളേജുകളിലെ അധ്യാപകരുടെ പഠന രീതിയിലുള്ള പുതിയ പരീക്ഷണങ്ങൾ കുട്ടികളെ പുതിയ തലത്തിലേക്ക് എത്തിക്കുവാനും അതിലുപരി അവർക്ക് കുറെ ചിന്താസ്വാതന്ത്ര്യവും ലഭിക്കുന്നു. മറ്റ് സ്ഥലങ്ങളിൽ നിന്നും വ്യത്യസ്തമായി വിദ്യാർത്ഥികളുടെ ജീവിതനിലവാരവും പ്രഫഷണൽ ലക്ഷ്യങ്ങളും മാറിവരാം.

എങ്ങനെ പറഞ്ഞുവന്നാലും സ്വാശ്രയ കോളേജിലെ അധ്യാപകരുടെ ഉത്തരവാദിത്വബോധം ഒന്നുകൊണ്ട് മാത്രമാണ് വിദ്യാർത്ഥികളുടെ വിജയശതമാനം കൂടുന്നത്. പഠനകാര്യത്തിൽ മാത്രമല്ല അവരുടെ കലാകായിക പ്രവർത്തങ്ങൾക്ക് കൂടി നല്ല പ്രോത്സാഹനം നൽകാൻ അധ്യാപകർക്ക് സാധിക്കുന്നുണ്ട്.

പക്ഷേ ഓരോ സ്വാശ്രയ കോളേജിന്റെയും വ്യത്യസ്തമായ പശ്ചാത്തലങ്ങൾ, അത് സാംസ്കാരികവും സാമ്പത്തികവും അല്ലെങ്കിൽ എന്തുമായിക്കോട്ടെ; അതൊക്കെ വിദ്യാർഥികളെ മാത്രമല്ല അധ്യാപകരെയും ആഴത്തിൽ ബാധിക്കുന്നതാണ്.



Somaraji P.K.

ഞാൻ സോമരാജി പി കെ 19 വർഷമായി സ്വാശ്രയ കോളേജിൽ അധ്യാപികയായി ജോലി ചെയ്യുന്നു. വ്യക്തിപരമായി ഒരു സ്ത്രീയെന്ന നിലയിൽ നമ്മുടെ വ്യക്തിത്വം നിലനിർത്താൻ ഈ അധ്യാപക പ്രവൃത്തിക്ക് സാധിച്ചു. എങ്കിലും പഠിച്ചത് ഇംഗ്ലീഷ് സാഹിത്യമായതിനാൽ അതിന്റെ തുടർ വളർച്ചയ്ക്ക് ഈ അധ്യാപനം ഉപകാരപ്രദമായില്ല എന്ന് കരുതുന്നു. കാരണം വിദ്യാർത്ഥികളിൽ സാഹിത്യ പരിജ്ഞാനം ഉണർത്താൻ എനിക്ക് വലിയ തോതിൽ കഴിഞ്ഞില്ല. അതിൽ കുട്ടികൾ വളരുന്ന കുടുംബ പശ്ചാത്തലവും അവരുടെ സാഹിത്യ അഭിരുചിയുടെ തോതും ഭാഷാ വിജ്ഞാനവും മേൽപ്പറഞ്ഞ ഘടകങ്ങൾക്ക് പ്രതികൂലമായി എന്നുവേണം പറയാൻ.

എന്നിരുന്നാലും അധ്യാപനവൃത്തിയിൽ ജോലിചെയ്യുന്ന സ്ഥാപനത്തെക്കാളും എന്ത് തരം ചിന്തകൾ കൈമാറ്റം ചെയ്യുന്നതിലാണ് പ്രസക്തി എന്ന ഗുരുക്കന്മാരുടെ വചനം മനസ്സിൽ വിശ്വസിച്ചുകൊണ്ട്, ചിന്തയുടെ പുതുനാമ്പുകൾ വാരിവിതറാൻ കഴിയും എന്ന ഉറപ്പോടെ ഞാൻ മുന്നോട്ടു പോകുന്നു.

# സ്വാശ്രയ വിദ്യാർത്ഥി ജീവിതം



Muhammed Sinan

സ്വാശ്രയ കോളേജിൽ ഉള്ള പഠനം ശരിക്കും വേറൊരു ലോകമാണ് തുറന്നു തരുന്നത്. അത് ജീവിതത്തോട് ഏറെ അടുത്തുനിൽക്കുന്നു. പഠനത്തിൽ സാമ്പത്തികം ഏറ്റവും കൂടുതൽ ഇടപെടുന്നത് ഞങ്ങളുടെ ജീവിതത്തിലാണ്. കഴിവും മാർക്കും ഉണ്ടായിട്ടും പലപ്പോഴും ഗവൺമെന്റ് കോളേജുകളിലും എയ്ഡഡ് കോളേജുകളിലും അഡ്മിഷൻ നിഷേധിക്കുമ്പോൾ നമുക്ക് അഡ്മിഷൻ തന്നത് സ്വാശ്രയ കോളേജുകളാണ്. ഗവൺമെന്റും പൊതുജനങ്ങളും ഞങ്ങളെ എന്നും രണ്ടാം തരക്കാർ ആയി കാണുന്നു.



Shada K.N.

ഗവൺമെന്റ് കോളേജുകളിലേക്ക് പഠനത്തിൽ നിന്ന് ഏറെ വിഭിന്നമാണ് സെൽഫ് ഫിനാൻസ് കോളേജിലെ പഠനം. കൃത്യമായിട്ട് ക്ലാസ് എടുക്കുകയും നല്ല നിലവാരത്തിൽ നോട്ട്സ് നൽകുകയും ചെയ്യുന്നത് സ്വാശ്രയ കോളേജുകളിൽ നിന്നാണ്. നല്ല അധ്യാപക സമൂഹമുണ്ടെങ്കിലും പലപ്പോഴും അവർക്കർഹമായ പരിഗണന കിട്ടുന്നില്ല എന്നത് വിദ്യാർഥികളായ ഞങ്ങളെയും വിഷമത്തിൽ ആക്കുന്നുണ്ട്. പഠനത്തിനല്ലാതെ വരുന്ന ഒരുപറ്റം വിദ്യാർത്ഥികളെ കൊണ്ട് ക്യാമ്പസുകൾ നിയന്ത്രിക്കപ്പെടുന്നു എന്നതാണ് മറ്റൊരു ബുദ്ധിമുട്ട് അവരുടെ പ്രശ്നങ്ങൾ മാത്രമാണ് അധികാരികളുടെ പ്രശ്നമാകുന്നത്. അതുകൊണ്ടുതന്നെ വിദ്യാർത്ഥികളുടെ അടിസ്ഥാന ആവശ്യങ്ങൾ പലപ്പോഴും നിർവഹിക്കപ്പെടുന്നില്ല.



Sahal T.P.

പൊതുസമൂഹം ഞങ്ങളെ രണ്ടാം തരക്കാരായി കാണുന്നു എന്നത് വലിയ ബുദ്ധിമുട്ടാണ്. ഗവൺമെന്റ് കോളേജുകളിലെ വിദ്യാർത്ഥികളെ അപേക്ഷിച്ച് നമുക്ക് ബസ് പാസ്സ് ലഭിക്കണമെങ്കിൽ ആർ.ടി.ഒയുടെയും ബസ് ഓപ്പറേറ്റീവ് അസോസിയേഷന്റെയും കാരുണ്യത്തിന് കാത്തുനിൽക്കേണ്ടി വരുന്നു എന്നത് ഞങ്ങളുടെ ആത്മാഭിമാനത്തെ പലപ്പോഴും ചോദ്യം ചെയ്യുന്നു. യാത്രയിൽ പണം ഉണ്ടായിട്ടും നിങ്ങൾ എന്തിനാണ് ഇങ്ങനെ യാത്ര ചെയ്യേണ്ട ആവശ്യമുണ്ടോ എന്ന കുത്ത് വാക്കുകൾ പലപ്പോഴും കേൾക്കേണ്ടിവരുന്നു. ഈ പരിതസ്ഥിതികൾ മാറി വരുമെന്ന് പ്രതീക്ഷിക്കുന്നു.




Shifa Jabbar K.T.

സമൂഹത്തിന് തെറ്റായ ഒരു ധാരണ നിലനിൽക്കുന്നതായി പലപ്പോഴും തോന്നുന്നു, സെൽഫ് ഫിനാൻസിംഗ് കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾ മുഴുവനും പണക്കാരാണ് എന്നുള്ള ധാരണ. മാർക്ക് കുറഞ്ഞ കുട്ടികളും പണം കുറഞ്ഞ കുട്ടികളും പണ്ട് പാരലൽ കോളേജുകളിൽ പോയിരുന്ന അവസ്ഥയിലാണ് ഇന്ന് സ്വാശ്രയ കോളേജുകളെ പലരും ആശ്രയിക്കുന്നത്. ആ മനോഭാവം പോലും നമ്മൾക്ക് എതിരാകുന്നു. പണക്കൊഴുപ്പിന്റെ തിണ്ണ ബലത്തിൽ കാണിക്കുന്ന ചില വിദ്യാർത്ഥികളുടെ പ്രവർത്തനങ്ങൾ ഒരു സമൂഹത്തെ തന്നെ എതിർ സ്ഥാനത്ത് നിർത്തുന്നതായിട്ട് തോന്നിയിട്ടുണ്ട്.



പറയാനേറെയുണ്ടായിട്ടും
കുറച്ചു മാത്രം എഴുതുന്നവരെയും
മൗനമായിരിക്കുന്നവരെയും
നമ്മളേറെ ശ്രദ്ധിക്കണം...
കിരീടങ്ങളില്ലാത്ത
അത്തരം കുതറലുകളിലാണ്
ജീവിതം ചുവന്നത്...



അധികാരം പഠിക്കാൻ
പഠിപ്പിക്കുന്ന സ്ഥലമല്ല സർവകലാശാല,
അധികാരത്തെ എതിർക്കാൻ
പഠിപ്പിക്കുന്ന സ്ഥലമാണ്.
അധികാരത്തെ ആദരിക്കുന്ന ഒരു സമൂഹം
നാശോന്മുഖമാണ്.
അതിന് നിലനിൽക്കാനും
മുന്നോട്ടുപോകാനും അർഹതയില്ല.

കുഞ്ഞാമൻ

നിയമപരമായ മുന്നറിയിപ്പ്...

# ലഹരിയോടുള്ള പ്രണയവും പ്രണയലഹരിയും...

പ്രണയവും ലഹരിയും ഏത് നിമിഷവും പൊട്ടിത്തെറിച്ച്
സർവ്വവും നശിപ്പിക്കാൻ ശേഷിയുള്ള ഉഗ്രസ്ഫോടക വസ്തുക്കളാണ്.



# മാരകം ഈ ലഹരി

Muhammed Minhaj P, BSc. CS

ലഹരി ഉപയോഗം കുടുംബത്തെയും സമ്പദ്വ്യവസ്ഥയെയും സമൂഹത്തെയും ബാധിച്ചതിനാൽ ഇത് ഒരു സാമൂഹിക പ്രശ്നമായി മാറിയിരിക്കുന്നു. നമ്മുടെ രാജ്യത്തെ കൗമാരക്കാരിൽ മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും ഉപയോഗം ഒരു പ്രധാന പൊതുജനാരോഗ്യ പ്രശ്നമായി മാറിയിരിക്കുന്നു. ലഹരിവസ്തുക്കളുടെ ഉപയോഗത്തെക്കുറിച്ചുള്ള വസ്തുതകൾ സർക്കാർ ശേഖരിക്കുകയും സ്ഥിതിവിവരക്കണക്കുകളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ നൽകുകയും ചെയ്യുന്നു. അവ അമ്പരപ്പിക്കുന്നതാണ്.

യുണൈറ്റഡ് സ്റ്റേറ്റ്സ് സർക്കാർ റിപ്പോർട്ട് ചെയ്ത ചില സ്ഥിതി വിവരക്കണക്കുകൾ ചുവടെയുണ്ട്.

**കൗമാരക്കാരിലെ മയക്കുമരുന്ന് ദുരുപയോഗത്തെക്കുറിച്ചുള്ള വസ്തുതകളും സ്ഥിതിവിവരക്കണക്കുകളും :**

ഹൈസ്കൂൾ സീനിയർമാരിൽ ഏകദേശം 50% പേരും ഏതെങ്കിലും തരത്തിലുള്ള മയക്കുമരുന്ന് ദുരുപയോഗം ചെയ്തിട്ടുണ്ട്.

എട്ടാം ക്ലാസ് ആകുമ്പോഴേക്കും 15% കുട്ടികൾ കഞ്ചാവ് ഉപയോഗിച്ചിട്ടുണ്ട്.

ഹൈസ്കൂൾ സീനിയർമാരിൽ 43% പേർ കഞ്ചാവ് ഉപയോഗിച്ചിട്ടുണ്ട്.

പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥികളിൽ 8.6% പേർ ഹാലുസിനോജനുകൾ ഉപയോഗിച്ചിട്ടുണ്ട് 4% LSD ഉപയോഗിക്കുന്നതിനെക്കുറിച്ച് പ്രത്യേകമായി റിപ്പോർട്ട് ചെയ്യുന്നു.

60%ത്തിലധികം കൗമാരക്കാർ അവരുടെ സ്കൂളിൽ ഏതെങ്കിലും തരത്തിലുള്ള മയക്കുമരുന്ന് സൂക്ഷിക്കുകയും വിൽക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നുണ്ടെന്ന് റിപ്പോർട്ട് ചെയ്യുന്നു.

ഹൈസ്കൂളിലെ 9 സീനിയർ കുട്ടികളിൽ ഒരാൾ സിന്തറ്റിക് മരിജുവാന (സ്പൈസ് അല്ലെങ്കിൽ കെ 2 എന്നും അറിയപ്പെടുന്നു) പരീക്ഷിച്ചുനോക്കിയിട്ടുണ്ട്.

ഹൈസ്കൂൾ സീനിയർ കുട്ടികളിൽ 1.3% പേർ ബാത്ത് സാൾട്ട് പരീക്ഷിച്ചുനോക്കിയിട്ടുണ്ട്.

64% കൗമാരക്കാരും ഒരു സുഹൃത്തിൽ നിന്നോ കുടുംബാംഗത്തിൽ നിന്നോ ലഭിച്ച വേദന സംഹാരികൾ ഉപയോഗിച്ചിട്ടുണ്ടെന്ന് പറയുന്നു.

എക്സ്റ്റസി പരീക്ഷിച്ച ഒരാളെയെങ്കിലും 28% കൗമാരക്കാർക്ക് അറിയാം.

7.6% കൗമാരക്കാർ അഡെറാൾ എന്ന കുറിപ്പടി മരുന്ന് ഉപയോഗിക്കുന്നു.

12ാം ക്ലാസുകാരിൽ 5%ത്തിലധികം പേർ കൊക്കെയ്നും 2%ത്തിലധികം പേർ ക്രാക്കും ഉപയോഗിച്ചിട്ടുണ്ട്.

കൊക്കെയ്നും ഹെറോയിനും ഒരുമിച്ച് ഉപയോഗിക്കുന്നതിനേക്കാൾ കൂടുതൽ കൗമാരക്കാർ കുറിപ്പടി മരുന്നുകൾ കഴിച്ച് മരിക്കുന്നു.

**<u>കൗമാരക്കാരിൽ സിഗരറ്റ് ഉപയോഗത്തെക്കുറിച്ചുള്ള വസ്തുതകളും സ്ഥിതി വിവരക്കണക്കുകളും :</u>**

എട്ടാം ക്ലാസാകുമ്പോഴേക്കും 15.5% കുട്ടികളും സിഗരറ്റ് വലിക്കുന്നു.

ഹൈസ്കൂൾ സീനിയർ കുട്ടികളിൽ ഏകദേശം 7% പേർ ദിവസവും സിഗരറ്റ് വലിക്കുന്നു.

ഹൈസ്കൂൾ സീനിയർമാരിൽ 20% പേർ മാത്രമാണ് പുകവലി ഇടയ്ക്കിടെ അപ കടകരമാണെന്ന് കരുതുന്നത്.

പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥികളിൽ 18% ത്തിലധികം പേർ കഴിഞ്ഞ വർഷം ഹുക്ക വലിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഹൈസ്കൂൾ വിദ്യാർത്ഥികളിൽ ഏകദേശം 20% പേർ സിഗരറ്റ് വലിച്ചിട്ടുണ്ട്.

യുഎസിൽ എല്ലാ ദിവസവും, 18 വയസ്സിന് താഴെയുള്ള ഏകദേശം 3900 കുട്ടികൾ ആദ്യത്തെ സിഗരറ്റ് പരീക്ഷിക്കുന്നു.

ആദ്യ സിഗരറ്റിനുശേഷം, പുകവലിക്കാൻ ശ്രമിക്കുന്ന 3900 കുട്ടികളിൽ 950 പേർ ദിവസേന പുകവലിക്കാരായി മാറും.

ദിവസേന പുതിയതായി പുകവലിക്കുന്ന 950 പേരിൽ പകുതി പേരും അവരുടെ ശീലത്തിൽ നിന്ന് മരിക്കും.

**<u>കൗമാരക്കാരിലെ മദ്യപാനത്തെക്കുറിച്ചുള്ള വസ്തുതകളും സ്ഥിതിവിവരക്കണക്കുകളും :</u>**

എട്ടാം ക്ലാസ് ആകുമ്പോഴേക്കും ഏകദേശം 30% കുട്ടികളും മദ്യം കുടിക്കാൻ ശ്രമിച്ചിട്ടുണ്ട്.

രണ്ടാം ക്ലാസ് വിദ്യാർത്ഥികളിൽ 58% ത്തിലധികം പേർ മദ്യം ദുരുപയോഗം ചെയ്തിട്ടുണ്ട്.

ഹൈസ്കൂൾ വിദ്യാർത്ഥികളിൽ 71% പേരും മദ്യം ഉപയോഗിച്ചിട്ടുണ്ട്.

പന്ത്രണ്ടാം ക്ലാസുകാരിൽ 23% പേർ തുടർച്ചയായി അഞ്ചിലധികം മദ്യം കഴിക്കുന്ന അമിത മദ്യപാനികളാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഹൈസ്കൂൾ വിദ്യാർത്ഥികളിൽ 8% പേർ മദ്യപിച്ച ശേഷം വാഹനമോടിച്ചതായി സമ്മതിക്കുന്നു.

ഹൈസ്കൂൾ വിദ്യാർത്ഥികളിൽ 24% പേർ മദ്യപിച്ച ഡ്രൈവറോടൊപ്പം വാഹനമോടിച്ചു.

മദ്യപിക്കുന്ന കൗമാരക്കാർ ഒരിക്കലും മദ്യം ഉപയോഗിക്കാത്തവരെ അപേക്ഷിച്ച് കൊക്കെയ്ൻ (കോക്ക്) പരീക്ഷിക്കാൻ 50% കൂടുതൽ സാധ്യതയുണ്ട്.

യുണൈറ്റഡ് സ്റ്റേറ്റ്സിൽ കഴിക്കുന്ന മദ്യത്തിന്റെ 11% പ്രായപൂർത്തിയാകാത്തവരിൽ നിന്നാണ്.

മദ്യപിക്കാൻ ശ്രമിക്കുന്ന ആൺകുട്ടിയുടെ ശരാശരി പ്രായം 11 ആണ്, പെൺകുട്ടികളുടെ ശരാശരി പ്രായം 13 ആണ്.

15 വയസ്സിന് മുമ്പ് മദ്യപിക്കാൻ തുടങ്ങിയ കൗമാരക്കാർ പിന്നീട് മദ്യത്തിന് അടിമപ്പെടാനുള്ള സാധ്യത അഞ്ച് മടങ്ങ് കൂടുതലാണ്, 21 വയസ്സ് തികയുന്നതുവരെ കാത്തിരുന്ന കുട്ടികളിൽ നിന്ന് വ്യത്യസ്തമായി.

പലപ്പോഴും മദ്യപിക്കുന്ന കൗമാരക്കാർ മദ്യപിക്കാത്ത കൗമാരക്കാരെ അപേക്ഷിച്ച് മൂന്ന് മടങ്ങ് കൂടുതൽ സ്വയം ഉപദ്രവിക്കാൻ സാധ്യതയുണ്ട് ഉദാഹരണത്തിന് വെട്ടിമുറിക്കൽ അല്ലെങ്കിൽ ആത്മഹത്യാശ്രമങ്ങൾ.

15–24 വയസ്സ് പ്രായമുള്ളവരിൽ മരണത്തിന് കാരണമാകുന്ന മൂന്ന് പ്രധാന കാരണങ്ങളിൽ മദ്യമാണ് പ്രധാന ഘടകം, അതായത് വാഹനാപകടങ്ങൾ, കൊലപാതകങ്ങൾ, ആത്മഹത്യകൾ.

**<u>മാതാപിതാക്കൾ... നിങ്ങൾക്കറിയാമോ?</u>**

ഒരു രക്ഷിതാവ് അവരുടെ കൗമാരക്കാരനോട് പതിവായി മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും അപകടങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ, അത് അവരുടെ കുട്ടി മയക്കുമരുന്ന് ഉപയോഗിക്കാനുള്ള സാധ്യത 42% കുറയ്ക്കുന്നു! എന്നിരുന്നാലും, 25% കൗമാരക്കാർ മാത്രമേ ഇത്തരം സംഭാഷണങ്ങൾ നടത്തുന്നുണ്ടെന്ന് റിപ്പോർട്ട് ചെയ്യുന്നുള്ളൂ.

എല്ലാ വർഷവും ജൂൺ 26 അന്താരാഷ്ട്ര മയക്കുമരുന്ന് ദുരുപയോഗത്തിനും നിയമവിരുദ്ധ കടത്തിനും എതിരായ ദിനമായി ആചരിക്കുന്നു. ലോക സമൂഹം ജനങ്ങളെയും പ്രത്യേകിച്ച് യുവാക്കളെയും മയക്കുമരുന്നിന്റെ ഭീഷണിയെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനുള്ള ഒരു വ്യായാമമാണിത്. മയക്കുമരുന്ന് സാഹചര്യത്തെക്കുറിച്ചുള്ള ലോക സ്ഥിതിവിവരക്കണക്കുകൾ കണക്കിലെടുക്കുമ്പോൾ ചിത്രം ഇരുണ്ടതാണ്. ഏകദേശം 500 ബില്യൺ ഡോളറിന്റെ വിറ്റുവരവുള്ള ഇത്, പെട്രോളിയത്തിനും ആയുധ വ്യാപാരത്തിനും ശേഷം ലോകത്തിലെ മൂന്നാമത്തെ വലിയ ബിസിനസാണ്. ലോകമെമ്പാടുമുള്ള ഏകദേശം 190 ദശലക്ഷം ആളുകൾ ഒന്നോ അതിലധികമോ മയക്കുമരുന്ന് ഉപയോഗിക്കുന്നു. മയക്കുമരുന്ന് ആസക്തി മനുഷ്യർക്ക് വലിയ ദുരിതം സൃഷ്ടിക്കുന്നു, കൂടാതെ നിയമവിരുദ്ധ മയക്കുമരുന്ന് ഉൽപാദനവും വിതരണവും ലോകമെമ്പാടും കുറ്റകൃത്യങ്ങൾക്കും അക്രമത്തിനും കാരണമായിട്ടുണ്ട്. ഇന്ന്, മയക്കുമരുന്ന്

കടത്തിന്റെയും മയക്കുമരുന്ന് ആസക്തിയുടെയും ശാപത്തിൽ നിന്ന് മുക്തമായ ഒരു ഭാഗവുമില്ല. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് മയക്കുമരുന്നിന് അടിമകൾ ജീവിതത്തിനും മരണത്തിനും ഇടയിൽ ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്നു.2

ഇന്ത്യയും മയക്കുമരുന്ന് ദുരുപയോഗത്തിന്റെ ഈ ദൂഷിത വലയത്തിൽ കുടുങ്ങിക്കിടക്കുന്നു, മയക്കുമരുന്നിന് അടിമകളായവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

**യുവാക്കൾക്കിടയിൽ മയക്കുമരുന്ന് ദുരുപയോഗത്തിനുള്ള കാരണങ്ങൾ :**

യുവാക്കൾക്കിടയിൽ മയക്കുമരുന്ന് ദുരുപയോഗത്തിന് രണ്ട് പ്രധാന കാരണങ്ങളുണ്ട്. ഇവ (1) സമപ്രായക്കാരുടെ സമ്മർദ്ദവും (2) വിഷാദവുമാണ്.

**സഹപ്രവർത്തകരുടെ സമ്മർദ്ദം :**

യുവാക്കൾ വ്യത്യസ്ത തരം ആളുകളുമായി ഇടപഴകുന്നു

ഈ സുഹൃത്തുക്കളിൽ നിന്നുള്ള സമ്മർദ്ദം വഴി, ഒരു കുട്ടിക്ക് ഈ മയക്കുമരുന്നുകളുടെ രുചി അനുഭവപ്പെടുന്നു, ഇത് ചെയ്തുകഴിഞ്ഞാൽ, അവർ അത് തുടർന്നും കഴിക്കുകയും ദീർഘകാലാടിസ്ഥാനത്തിൽ അതിന് അടിമപ്പെടുകയും ചെയ്യുന്നു.

**ഡിപ്രഷൻ :**

മയക്കുമരുന്ന് ദുരുപയോഗത്തിന്റെ മറ്റൊരു പ്രധാന കാരണം വിഷാദമാണ്.

വളരെ ദുഃഖിതനും നിരാശാജനകനുമായി കരുതപ്പെടുന്ന ഒരാൾക്ക് ചില കാര്യങ്ങൾ സംഭവിക്കുമ്പോൾ, ആ വ്യക്തി ഒരിക്കൽ കൂടി സന്തോഷവാനായിരിക്കാനുള്ള ഏറ്റവും നല്ല മാർഗത്തെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങുന്നു; അതിനാൽ കഠിനമായ മരുന്നുകളുടെ ഉപയോഗം വരുന്നു. ഇത് പിന്നീട് ഒരു ശീലമായി മാറുന്നു, അത് കൂടുതൽ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു.

യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ നിരക്കാണ് മയക്കുമരുന്ന് ദുരുപയോഗത്തിന്റെ മറ്റൊരു പ്രധാന കാരണം.

## മയക്കുമരുന്ന് ദുരുപയോഗത്തിന്റെ ഫലം :

യുവാക്കളിൽ മയക്കുമരുന്ന് ദുരുപയോഗത്തിന്റെ സ്വാധീനം മൂന്ന് വശങ്ങളിൽ നിന്ന് വീക്ഷിക്കപ്പെടും. ഇവയാണ്: (1) സാമൂഹിക വശം, (2) സാമ്പത്തിക വശം, (3) ആരോഗ്യ വശം.

### സാമൂഹിക വശം :

ഈ മരുന്ന് കഴിക്കുന്ന ഘട്ടത്തിൽ കഠിനമായ മരുന്ന് കഴിക്കുന്നയാളെ അമിതമായി സജീവമാക്കുന്നു. ഇത് കഴിക്കുന്നയാളെ അസാധാരണമായി പെരുമാറാൻ പ്രേരിപ്പിക്കുന്നു, സായുധ കൊള്ള, ലൈംഗികമായി പകരുന്ന രോഗങ്ങൾ, ഉദാ. എച്ച്.ഐ.വി എയ്ഡ്സ്, മറ്റ് നിരവധി സാമൂഹിക ദുഷ്പ്രവണതകൾ തുടങ്ങിയ അധാർമികതകൾക്ക് സംഭാവന നൽകുന്നു

### സാമ്പത്തികം :

മയക്കുമരുന്നിന് അടിമയായ വ്യക്തി ഈ മരുന്നുകൾ വാങ്ങുന്നതിന് കൂടുതൽ പണം ചെലവഴിക്കുന്നു. ഇത് കഴിക്കുന്നയാളെ പാപ്പരാക്കാൻ ഇടയാക്കും അല്ലെങ്കിൽ എല്ലാ വിധത്തിലും പണം തിരയാൻ തുടങ്ങും. ഇത് ഒടുവിൽ കഴിക്കുന്നയാളുടെ പ്രശ്നം വർദ്ധിപ്പിക്കും.

### ആരോഗ്യം :

ഇത് കഴിക്കുന്നയാളെ അസ്ഥിരനാക്കുന്നു. മയക്കുമരുന്ന് ഉപയോഗിക്കുന്നയാൾ ഭ്രാന്തനാകുകയും അസാധാരണമായി പെരുമാറാൻ തുടങ്ങുകയും ചെയ്യുന്നു. ഇത് മയക്കുമരുന്ന് ഉപയോഗിക്കുന്നയാളുടെ ശരീരത്തിലേക്ക് നിരവധി രോഗങ്ങൾ നുഴഞ്ഞുകയറുകയും ഒടുവിൽ മരണത്തിലേക്ക് നയിക്കുകയും ചെയ്യും.

## മയക്കുമരുന്ന് ദുരുപയോഗത്തിനുള്ള പരിഹാരങ്ങൾ :

1) ഐക്യരാഷ്ട്രസഭയുടെ സംയുക്ത സേന വഴി, ഈ കഠിനമായ മയക്കുമരുന്നുകളുടെ എല്ലാ സ്രോതസ്സുകളുടെയും ആക്രമണാത്മകമായ ഉന്മൂലനം.

2) മാതാപിതാക്കൾ കുട്ടികളുടെ സുഹൃത്തുക്കളെ നിരീക്ഷിക്കുകയും മോശം കൂട്ടുകെട്ടിനെതിരെ നയിക്കുകയും വേണം.

3) ബാധിതരായ വ്യക്തികളുടെ പുനരധിവാസം.

4) സ്കൂളുകളിൽ മയക്കുമരുന്ന് ദുരുപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ പഠിപ്പിക്കണം.

5) ഫെഡറൽ, സംസ്ഥാന, പ്രാദേശിക തലങ്ങളിൽ കഠിനമായ മയക്കുമരുന്നുകളുടെ ഉപയോഗത്തിനെതിരെ തുടർച്ചയായ പ്രചാരണം നടത്തുക.

6) ഒരു പ്രത്യേക സോഫ്റ്റ് മയക്കുമരുന്ന് ദീർഘനേരം കഴിക്കുന്നതിന് മുമ്പ് ഒരു ഡോക്ടറുടെ സമ്മതം തേടണം.

7) കഠിനമായ മയക്കുമരുന്ന് ഇടപാട് നടത്തുന്നതായി കണ്ടെത്തുന്ന ആർക്കും കർശനമായ ശിക്ഷ നൽകണം.

എൻഫോഴ്സ്മെന്റ്, നിയമം, നീതിന്യായ വ്യവസ്ഥകൾ എന്നിവയിൽ നൂതനമായ മാറ്റങ്ങൾ വരുത്തുന്ന നിരവധി നടപടികൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് വധശിക്ഷ ഏർപ്പെടുത്തിയത് ഒരു പ്രധാന പ്രതിരോധമായി മാറിയിട്ടുണ്ട്.ഈ ഭീഷണി തടയുന്നതിനായി കർശനമായ വ്യവസ്ഥകളോടെയാണ് 1985ൽ നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട് നടപ്പിലാക്കിയത്. കുറ്റവാളികൾക്ക് കുറഞ്ഞത് 10 വർഷം മുതൽ 20 വർഷം വരെ തടവും 2 ലക്ഷം രൂപ വരെ പിഴയും ഈ നിയമം വിഭാവനം ചെയ്യുന്നു.

നിയമവിരുദ്ധ മയക്കുമരുന്ന് കച്ചവടത്തിൽ നിന്ന് ലഭിക്കുന്ന സ്വത്തുക്കൾ കണ്ടുകെട്ടുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് ആക്ടിൽ കൂടുതൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ദുരുപയോഗം ലോകമെമ്പാടും കൗമാരക്കാർക്കിടയിൽ ഗണ്യമായ രോഗാവസ്ഥയ്ക്കും മരണത്തിനും കാരണമായിട്ടുണ്ട്. ഈ യുവാക്കളിൽ പലരും മയക്കുമരുന്നിനും മദ്യത്തിനും അടിമപ്പെട്ട് ജീവൻ നഷ്ടപ്പെടുകയും ഗണ്യമായ എണ്ണം പ്രശ്നക്കാരായ മയക്കുമരുന്ന് ഉപയോക്താക്കളായി വളരാൻ സാധ്യതയുമുണ്ട്. ലഹരിവസ്തുക്കളുടെ ദുരുപയോഗ പ്രശ്നം സങ്കീർണ്ണവും വലുതുമാണെങ്കിലും, കൗമാരക്കാരുടെ ലഹരിവസ്തുക്കളുടെ ദുരുപയോഗ നിരക്ക് കുറയ്ക്കാൻ കഴിയുന്ന ഇടപെടലുകൾ നടപ്പിലാക്കുന്നതിന് ഡോക്ടർമാർക്കും, സമൂഹ നേതാക്കൾക്കും, സ്കൂളുകൾക്കും ധാരാളം

തെളിവുകൾ അടിസ്ഥാനമാക്കിയുള്ള ഗവേഷണം ലഭ്യമാണ്. ഈ പ്രശ്നം ഏതെങ്കിലും ഒരു സമൂഹത്തിനോ സംസ്കാരത്തിനോ മാത്രമുള്ളതല്ലാത്തതിനാൽ, വ്യക്തിഗത ഇടപെടലുകൾ സാർവത്രികമായി ഫലപ്രദമാകണമെന്നില്ല എന്ന് ഞങ്ങൾ തിരിച്ചറിയുന്നു. അതിനാൽ, ആരോഗ്യ സംരക്ഷണത്തിനും സാമൂഹ്യ പ്രവർത്തകർക്കും അവരുടെ സ്വന്തം സമൂഹത്തിന് ഏറ്റവും അനുയോജ്യമായ പ്രോഗ്രാമുകളും തന്ത്രങ്ങളും ഗവേഷണം ചെയ്യുമ്പോൾ ഉപയോഗിക്കേണ്ട ഒരു പൊതു ചട്ടക്കൂടായി, പരിഷ്ക്കരിക്കാവുന്ന അപകട ഘടകങ്ങളെ ലക്ഷ്യം വയ്ക്കുന്നതിനും കുടുംബം, സ്കൂൾ, കമ്മ്യൂണിറ്റി പ്രതിരോധ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട് .



# Drug

UV fathimath sana, 2nd year MB

Drug has become a ubiquitous platform in this generation. Especially teenagers, they are now addicted to drugs. Drug use can be serious issue for both physical and mental health. The common substances nowadays teens using alcohol, nicotine ( from smoking or vaping) . The reason teens might use drugs can vary, which including pressure , stress, mental health struggle or a desire to fit in and also it's important for parent's and teacher's and also other leaders to talk openly about the risk of drug use and to provide support for those who might be struggling.

Life is more intoxicate than drugs . Drug use may be normalized or even celebrated, influencing act, music and lifestyle. So overtime a person may need increasing amount of the drug to achieve the same effects, leading to a dangerous cycle of escalating use. The use of drugs increasing every year. When we face any failures or sorrow, we run to drugs. As we all know that we all have to face many problems in life maybe it's sadness, worries or disappointment, no matter what happens there is always a solution to everything. No matter how deep you go through, there is always a way out. It may not easy it may takes time. But it is possible to recover. It's ok to ask help, it's ok to admit that your are not okay. Remember, no one can make that choice for you , but you don't have to face it alone. You are surrounded with your loved one's, your family, friends who support your decisions. Lean on item and seek help if you ever face overwhelmed. These are always people who cares and who want to see you successed, and also remember that a blessing that could have been experienced throughout a lifetime was destroyed for the sake of momentary pleasures. So saying no to drugs is saying yes to a brighter, healthier life. It's decision that can shape your future. So when moment comes, choose strength over weakness, clarity over confession and life full of promise over one of regret.

Say no to drugs and yes to love!

കരളു പങ്കിടാൻ
വയ്യെന്റെ പ്രണയമേ,
പകുതിയും കൊണ്ടുപോയ്
ലഹരിയുടെ പക്ഷികൾ...

-അയ്യപ്പൻ

# പ്രണയപരവശയായ്

Muhammed Sinan, Ist year BBA



രണ്ടു താളുകളിൽ
രണ്ടായിക്കിടന്ന
രണ്ടു വരികൾ നാം ,
ഏതു കവി നമ്മെ
കൂട്ടിയിണക്കി
ഒരു ഈരടിയാക്കി!
റഫീഖ് അഹമ്മദ്

പ്രണയം എല്ലാ വികാരങ്ങളിലും ഏറ്റവും വലുതാണ്, മറ്റേതിനേക്കാളും അർത്ഥവത്തായ ഒരു അഭിനിവേശം, നമ്മുടെ ജീവിതത്തിലെ ഏറ്റവും വിലയേറിയ മനുഷ്യാനുഭവം.

'ഇതാ ഞാൻ തിരിച്ചെത്തി, വീഞ്ഞ് വലിക്കുന്നത് പോലെ ഇപ്പോഴും അഭിനിവേശത്താൽ പുകയുന്നു. മാംസത്തോടുള്ള അഭിനിവേശമല്ല, മറിച്ച് നിനക്കുവേണ്ടിയുള്ള പൂർണ്ണമായ വിശപ്പ്, വിഴുങ്ങുന്ന വിശപ്പ്. ആത്മഹത്യകളെയും കൊലപാതകങ്ങളെയും കുറിച്ചുള്ള പത്രം ഞാൻ വായിച്ചു, അത് എനിക്ക് നന്നായി മനസ്സിലായി. എനിക്ക് പ്രണയം ആത്മഹത്യാപരമായ തോന്നൽ ആകുന്നു.'

മറ്റൊന്നിനെയും തൊട്ടുരുമ്മി കൊണ്ടല്ല സ്നേഹം നിലനിൽക്കുന്നത്, അത് കലർപ്പില്ലാത്ത ഏകാന്തമായ ഒന്നാണ്, അത് ശുദ്ധമാണ് അതിന് മറ്റൊരു പാഠവും പഠിക്കേണ്ടതില്ല - മാധവിക്കുട്ടി

പ്രണയത്തിന്റെയും അതിന്റെ പുകയുന്ന സ്വഭാവത്തിന്റെയും പുനർനിർമ്മാണത്തിന്, മനുഷ്യ മനസ്സിനെ മാപ്പ് ചെയ്യാനും രണ്ട് ആളുകൾ ഒന്നിച്ചുചേരുന്നതിന്റെ സങ്കീർണ്ണതകളുമായി നാമെല്ലാവരും ബുദ്ധിമുട്ടുന്ന ഒരു പ്രഹേളിക കുറയാനും, ഇതെല്ലാം എഴുത്തിലൂടെ തുറന്നുകാട്ടുക, അർത്ഥശൂന്യരിൽ നിന്ന് അർത്ഥം വെളിപ്പെടുത്തുക എന്നതല്ലാതെ മറ്റെന്താണ് മികച്ച മാർഗം?

ഞാൻ നിന്നെ സ്നേഹിക്കുന്നു.
ഞാൻ നിന്നെ സ്നേഹിക്കുന്നു.
ഞാൻ നിന്നെ സ്നേഹിക്കുന്നു.

ഞാൻ ഒരു വിഡ്ഢിയായി മാറിയിരിക്കുന്നു. ബുദ്ധിമാനായ സ്ത്രീകളോട് സ്നേഹം അതാണ് ചെയ്യുന്നത്. അവർക്ക് ഇനി പ്രണയ ലേഖനങ്ങൾ എഴുതാൻ കഴിയില്ല.

മനുഷ്യജീവിതത്തിന്റെ ഒരു ലക്ഷ്യം, അത് ആരു നിയന്ത്രിക്കുന്നു എന്നത് പ്രശ്നമല്ല, സ്നേഹിക്കപ്പെടാൻ ചുറ്റുമുള്ള ആരെയും സ്നേഹിക്കുക എന്നതാണ്.

പ്രണയം ഒരു പനി പോലെയാണ്, അത് ഇച്ഛാശക്തിയെ ആശ്രയിക്കാതെ തന്നെ വന്നു പോകുന്നു. പ്രണയത്തിന് പ്രായപരിധികളില്ല.

സുരക്ഷിതമായ ഒരു നിക്ഷേപവുമില്ല. സ്നേഹിക്കുക എന്നാൽ ദുർബലനാകുക എന്നതാണ്. എന്തിനേയും സ്നേഹിക്കുക, നിങ്ങളുടെ ഹൃദയം തീർച്ചയായും തകർന്നുപോകും, ഒരുപക്ഷേ തകർന്നുപോകും. അത് കേടുകൂടാതെ സൂക്ഷിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ നിങ്ങളുടെ ഹൃദയം ആർക്കും, ഒരു മൃഗത്തിന് പോലും നൽകരുത്. ഹോബികളും ചെറിയ ആഡംബരങ്ങളും കൊണ്ട് ശ്രദ്ധാപൂർവ്വം പൊതിയുക; എല്ലാ കെണികളും ഒഴിവാക്കുക; നിങ്ങളുടെ സ്വാർത്ഥതയുടെ ശവപ്പെട്ടിയിലോ സുരക്ഷിതമായി പൂട്ടുക. എന്നാൽ ആ ശവപ്പെട്ടിയിൽ സുരക്ഷിതം, ഇരുണ്ടത്, ചലനരഹിതം, വായുരഹിതം അത് മാറും. അത് തകരില്ല; അത് പൊട്ടാത്തതും, അഭേദ്യവും, വീണ്ടെടുക്കാനാവാത്തതുമായി മാറും. ദുരന്തത്തിന്, അല്ലെങ്കിൽ കുറഞ്ഞത് ദുരന്തത്തിന്റെ അപകടസാധ്യതയ്ക്ക് പകരമുള്ളത് ശാപമാണ്. സ്വർഗ്ഗത്തിന് പുറത്തുള്ള ഒരേയൊരു സ്ഥലം സ്നേഹത്തിന്റെ എല്ലാ അപകടങ്ങളിൽ നിന്നും പ്രക്ഷുബ്ധതകളിൽ നിന്നും നിങ്ങൾക്ക് പൂർണ്ണമായും സുരക്ഷിതരായിരിക്കാൻ കഴിയുന്ന ഒരേയൊരു സ്ഥലം നരകമാണ്.

ഒരു രക്ഷിതാവിന് ഒരു കുഞ്ഞിനെ മാറ്റാൻ കഴിയുന്നതുപോലെ സ്നേഹത്തിന് ഒരു വ്യക്തിയെ മാറ്റാൻ കഴിയും.

രാവിലെ ഒരു മൂടൽമഞ്ഞ് കാണുമ്പോൾ, സൂര്യൻ ഉദിക്കുന്നതിനുമുമ്പ് നിങ്ങൾ ഉണരുമ്പോൾ പ്രണയം ശാന്തമാണ് .. അത് കുറച്ച് സമയത്തിനുള്ളിൽ, കത്തുന്നു... പ്രണയം യാഥാർത്ഥ്യത്തിന്റെ ആദ്യ പകൽ വെളിച്ചത്തിൽ കത്തുന്ന ഒരു മൂടൽമഞ്ഞാണ്.

പ്രണയം കണ്ണുകൾ കൊണ്ടല്ല, മനസ്സുകൊണ്ടാണ് നോക്കുന്നത്.

നിങ്ങൾ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതുമായി പ്രണയത്തിന് യാതൊരു ബന്ധവുമില്ല നിങ്ങൾ നൽകാൻ പ്രതീക്ഷിക്കുന്നതുമായി മാത്രം  അതാണ് എല്ലാം.

നരകം എന്താണ്? സ്നേഹിക്കാൻ കഴിയാത്തതിന്റെ കഷ്ടപ്പാടാണ് അതെന്ന് ഞാൻ വിശ്വസിക്കുന്നു.

പ്രണയം ഒരു അനിയന്ത്രിതമായ ശക്തിയാണ്. നമ്മൾ അതിനെ നിയന്ത്രിക്കാൻ ശ്രമിക്കുമ്പോൾ, അത് നമ്മെ നശിപ്പിക്കുന്നു. നമ്മൾ അതിനെ തടവിലാക്കാൻ ശ്രമിക്കുമ്പോൾ, അത് നമ്മെ അടിമകളാക്കുന്നു. നമ്മൾ അത് മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ, അത് നമ്മെ വഴിതെറ്റിക്കുകയും ആശയക്കുഴപ്പത്തിലാക്കുകയും ചെയ്യുന്നു.

നമ്മൾ കരുതുന്നതുപോലെ പ്രണയം ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്നില്ല. പ്രണയം ഒരു യുദ്ധമാണ്, പ്രണയം ഒരു സമരമാണ്; പ്രണയം ഒരു വളർച്ചയാണ്.

പ്രണയത്തിലാകുന്ന ഏതൊരാളും സ്വന്തം നഷ്ടപ്പെട്ട ഭാഗങ്ങൾ തിരയുകയാണ്. അതിനാൽ പ്രണയത്തിലാകുന്ന ഏതൊരാളും തന്റെ കാമുകനെക്കുറിച്ച് ചിന്തിക്കുമ്പോൾ സങ്കടപ്പെടുന്നു. നിങ്ങൾക്ക് പ്രിയപ്പെട്ട ഓർമ്മകളുള്ള ഒരു മുറിയിലേക്ക് തിരികെ പോകുന്നത് പോലെയാണ്, നിങ്ങൾ വളരെക്കാലമായി കണ്ടിട്ടില്ലാത്ത ഒന്ന്.പ്രണയം എന്നത് പരസ്പരം നോക്കുകയല്ല, മറിച്ച് ഒരേ ദിശയിൽ ഒരുമിച്ച് പുറത്തേക്ക് നോക്കുക എന്നതാണ്.

'പ്രണയം ചിലപ്പോൾ അങ്ങനെയാണ് , നമ്മോടു യാത്ര പോലും പറയാതെ, ഒന്ന് തിരിഞ്ഞു നോക്കുക കൂടി ചെയ്യാതെ, ജീവിതത്തിൽ നിന്നിറങ്ങി പോകും ..' – പത്മരാജൻ

# സ്നേഹ സഖിക്ക്



Muhammed Ajinas, IInd BBA

ബസ്സിൽ സൈഡ് സീറ്റിൽ ഇരുന്ന് ആകാശം നോക്കിയിരിക്കുമ്പോൾ ഉമ്പായിയുടെ ഗസൽ കാതുകളിൽ എത്തി. 'ഒരിക്കൽ നീ പറഞ്ഞു പ്രണയം ദിവ്യമാണെന്ന്...' ഞാൻ കണ്ണടച്ചു നീ നടന്ന വഴികളിലേക്ക്...

ആകാശത്ത് പൂത്തിരി വിതറി വെളിച്ചം പകരുന്ന പുഞ്ചിരി കൊണ്ട് നീ നടന്നത് സ്കൂൾ വരാന്തയിലൂടെയായിരുന്നില്ല, എന്റെ മനസ്സിലായിരുന്നു. നിശബ്ദമായിരുന്നു എനിക്ക് നിന്നിലേക്കുള്ള വഴി. ആരും അറിയാതെ നീ നടന്ന വഴികളിലൂടെ ഞാൻ നടന്നു. സ്കൂൾ പടികളിറങ്ങി ഫുട്ബോൾ ഗ്രൗണ്ടിൽ മഴവില്ല് പോലെ വളഞ്ഞിരിക്കുന്ന കാണികൾക്കിടയിലൂടെ നീ നടന്നു പോകുന്നത് നോക്കി നിൽക്കലാണ് എന്റെ പതിവ്.

ആ ദിവസം സ്കൂൾ വിട്ട് നീ വരാന്തയിലൂടെ നടക്കുമ്പോൾ പിന്നിൽ ഞാൻ. അപ്പോഴാണ് അപ്രതീക്ഷിതമായി മഴ പെയ്തത്. എല്ലാവരും വരാന്തയിൽ കെട്ടിക്കിടന്നു. നേരം സന്ധ്യയോട് അടുത്തു. ഓരോരാളായി വരാന്തയിൽ നിന്നിറങ്ങി. അവസാനം നീയും ഞാനും മാത്രം ബാക്കിയായി. മഴയിൽ ഇരുട്ട് പടരാൻ തുടങ്ങി. നീ എന്റെ മുഖത്തേക്ക് നോക്കി. പിന്നെ മെല്ലെ എന്റെ അടുത്തേക്ക് വന്നു. എന്റെ കൈകൾ ചേർത്ത് പിടിച്ച് 'പോട്ടേടാ..' എന്ന് പറഞ്ഞു. നീ മഴയിലേക്ക് ഇറങ്ങിപ്പോയി. എന്റെ മനം കുളിരണിഞ്ഞു.

പിറ്റേന്ന് വഴികളിൽ ഒന്നും നിന്നെ കണ്ടില്ല. ഇന്റർവെൽ സമയത്ത് സയൻസ് ക്ലാസിന്റെ ജനാലയിലൂടെ ഇടംകണ്ണിട്ട് നോക്കി. ഇല്ല, പനിയാണെന്ന് ആരോ പറഞ്ഞറിഞ്ഞു. 'പ്രണയപ്പനി' ആണെന്ന് ഞാൻ പറഞ്ഞു ചിരിച്ചു. ദിവസങ്ങൾ ആഴ്ചകളായപ്പോൾ

നിന്റെ അസാന്നിധ്യം എന്നിൽ വേദനയായി പടർന്നു. അന്വേഷിച്ചപ്പോൾ മഞ്ഞപ്പിത്തം പിടിച്ച് ഹോസ്പിറ്റലിൽ അഡ്മിറ്റ് ആണെന്ന് അറിഞ്ഞു.

വൈകുന്നേരം സ്കൂൾ വിട്ട് ഹോസ്പിറ്റലിൽ എത്തിയപ്പോൾ വെന്റിലേറ്ററിനു മുന്നിൽ കരയുന്ന നിന്നെ ഉമ്മയെ താങ്ങിപ്പിടിച്ച ഉപ്പയെയാണ് കണ്ടത്. അരികിൽ നീ വെള്ള പുതച്ച് കിടക്കുന്നു. നിന്റെ ഖബറടക്കം കഴിഞ്ഞ് നിന്റെ ഉപ്പയെ ബന്ധുക്കൾ താങ്ങി പിടിച്ചു കൊണ്ടുപോകുമ്പോൾ കലങ്ങിയ കണ്ണുമായി എന്നെ നോക്കി. ഒടുവിൽ പള്ളിക്കാട്ടിൽ നീയും ഞാനും മാത്രമായി. എന്നെ തനിച്ചാക്കി നീ സുഖമായി ഉറങ്ങുന്നു. കണ്ണിൽ കണ്ണീര് പൊടിഞ്ഞു. അത് പെരുമഴയായി ഒഴുകി. അതിൽ നീയും ഞാനും നനഞ്ഞു.

ബസ്സിൽ ഗസൽ തീർന്നപ്പോൾ കണ്ണുതുറന്നു. ആകാശത്ത് കാർമേഘം മൂടിയിരിക്കുന്നു. എനിക്കറിയാം നിനക്ക് പെയ്യാതിരിക്കാനാവില്ലെന്ന്.

‘ദുഃഖമാണെങ്കിലും നിന്നെക്കുറിച്ചുള്ള

ദുഃഖമെന്താനന്ദമാണെനിക്കോമനേ...

എന്നെന്നുമെൻ പാനപാത്രം നിറയ്ക്കട്ടെ

നിന്നസാന്നിധ്യം പകരുന്ന വേദന...’

# നഷ്ടമാകുന്നതിനെ പ്രണയം എന്ന് വിളിക്കാം

Yashaswini K, IIIrd yr. MB




'പ്രണയം' എന്ന വാക്കിനെ സുരഭിലമാക്കുകയാണ് കലാലയമേ നീ നിന്റെ പടികളിറങ്ങാൻ തോന്നുന്നില്ലെങ്കിലും. ഇറങ്ങിയല്ലേ മതിയാവു അല്ലെ... നിന്റെ ഹൃദയത്തിൽ എത്ര എത്ര മനുഷ്യർ കൂടുകൂട്ടി, ജീവിതകാലം മുഴുവൻ നിന്റെ മടിത്തട്ടിൽ കിടന്നുറങ്ങാൻ ആഗ്രഹിച്ച പലരും കാലത്തിന്റെ കുത്തൊഴുക്കിൽ ഒഴുകി പോയിരിക്കുന്നു. ഇനി എന്നെപ്പറ്റി പറയാം..ഇത് നീ എന്തായാലും ...

ഒന്നാംവർഷം ഞാൻ നിന്റെ പടികൾ കയറിവന്നപ്പോൾ നിന്നൊട് യാതൊരു വികാരവും എന്നിക്കുണ്ടായില്ല. പഠിപ്പിക്കുക എന്ന നിന്റെ ഔദ്യോദിക ചുമതലകൾക്കപ്പുറുത്തുള്ള ഒരിഷ്ടവും എനിക്കുണ്ടായില്ല. അവിടെ നിർഭാഗ്യവശാൽ എന്റെ ചിന്താഗതികൾക്ക് വിപരീക്കമായ കൂട്ടുകെട്ടിനുള്ളിൽ കിടന്നു ശ്വാസംമുട്ടി. സൗഹൃദത്തിനോട് മൊത്തത്തിൽ വെറുപ്പു തോന്നി. അപ്പോഴാണ് എൻ.എസ്.എസ് എന്ന വലിയ സംഘടനയുടെ സ്വർഗ്ഗവാതിൽ നീ എന്നിക്കു മുന്നിൽ തുറന്നത്. 'എനിക്ക് താൽപ്പര്യമില്ല' എന്ന് ഞാൻ നിലവിളിച്ചു കരഞ്ഞിട്ടും നീ അതിനുള്ളിലേക്ക് ഉന്തി തള്ളിവിട്ടു...അതിനുള്ളിലെത്തിയപ്പോഴാണ് എന്റെ വ്യക്തിത്വത്തിൽ വരുന്ന മാറ്റങ്ങളെക്കുറിച്ച് ഞാൻ നിരീക്ഷിക്കുന്നത്. എന്റെ വീട്ടിനടുത്തളത്തിൽ പുത്തൻ പ്രതീക്ഷകളുടെ പുതിയ സൂര്യനായി കൊളുക്കുമലയിൽ അവതരിച്ചു.

രണ്ടാം വർഷത്തിൽ നീ എനിക്ക് യാഥാർത്ഥ സൗഹൃദങ്ങളുടെ വലിയ നിര തന്നെ ഒരുക്കി..സ്വർഗ്ഗ വാതിലിനുള്ളിലെ സൗഹൃദവും എന്റെ ക്ലാസ് മുറിയിലെ സൗഹൃദവും എല്ലാം തന്ന് നീ എൻറെ വ്യക്തിത്വത്തെ ദൃഢപ്പെടുത്തി. ഒരുപാട് നന്ദിയുണ്ട്...... ഇനി എനിക്ക് നീ വെറും ഓർമ്മകൾ മാത്രമാണ് എന്ന സത്യത്തെ ഞാൻ ഉൾക്കൊണ്ടേ മതിയാവൂ അല്ലേ.

എന്തെല്ലാം പരിമിതികൾ നിന്നിൽ ഉണ്ടെങ്കിലും പ്രണയത്തിന് കണ്ണും കാതും ഒന്നും ഇല്ലല്ലോ....അവസാനമായി ഞാനൊന്നു പറഞ്ഞോട്ടെ.

ഞാൻ നിന്നെ പ്രണയിക്കുന്നു, I LOVE YOU



പ്രണയമെന്നാൽ
സന്തോഷം നിറഞ്ഞ
ഒരാണും പെണ്ണും,
പൗഡറിട്ട കവിളുകൾ
ചേർത്ത് ഉമ്മവെച്ചും,
ചിരിച്ചും ഇരിക്കുന്ന
ഒരേർപ്പാടെന്നാണ്
ഞാൻ കൗമാരക്കാലത്ത്
ധരിച്ചുവെച്ചിരുന്നത്.

സങ്കടങ്ങൾ ചേർത്ത് വെക്കുമ്പോഴും
പ്രണയമുണ്ടാവുമെന്ന്
മനസ്സിലായത്
നിന്നോട് മിണ്ടിത്തുടങ്ങിയ
ശേഷമാണ്...!!

-ബഷീർ

# തിരിച്ചറിവ്

Jomol Joy,  3rd yr biotechnoloy



തൂലികത്തുമ്പിൽ കുറച്ചു പോയി ,
കല്ലായി മാറിയ കടലാസു കഷണവും?
അല്ല ,അതല്ല ; ആശയങ്ങൾ ചിന്തകൾ
ചിതലരിച്ചിരിക്കുന്നുവോ?
ആകെയൊരാവർത്തനവിരസത .

ഒരു നാളെ അക്ഷരങ്ങൾക്ക്
ബാല്യത്തിൽ മഞ്ഞനിറം
പിന്നെയോ , ആകാശ നീലിമ
രക്ത വർണ്ണം വിരിച്ചത് മുന്നോട്ടു പോകയാ
ണെന്നോ അതിൽ ചായം അദൃശ്യം !

ചിന്തകൾ വേരോടിയൻ സത്വമിന്ന്
ചിന്തകൾക്കായി ഇരുട്ടിൽ തിരയുന്നോ?
അതല്ലയോ  , അവതന്നെ വേരുപടർത്തി
എന്നിലെ എന്നെ ഞെരുക്കളയുന്നോ?

ഇന്നെന്തിനീ സാഹസം; കടമയോ , കടമകൾ
താഴിട്ടു പൂട്ടിയോരെന്നെ തിരയാനോ
എന്താങ്കിലും ഞാൻ വീണ്ടും കാണുന്നീ
അക്ഷരമാം വാൽക്കണ്ണിയിലെൻ സ്വത്വത്തെ

എപ്പോഴോ ചിന്തയാം ചിതലുകൾക്ക്
ചിറകുവച്ചവ മഴപ്പാറ്റയായ് പാറിത്തുടങ്ങി
റാന്തൽ വിളക്കിൽ ചൂടേറ്റവൻ
നിർജീവമാകും മുന്നേ
ഞാനതെൻ പുസ്തകത്താളിൽ പകർത്തട്ടെ .

ജീവിതത്തിൽ ഒഴുക്കിലെന്നക്ഷരങ്ങൾ
ഇനിയുമേറെ മങ്ങിയാലും ;
എന്നോ തുറക്കുമീയക്ഷരങ്ങളെൻ
പുസ്തത്താളിൽ
മയിൽപ്പീലിയായി പെറ്റു പെരുകട്ടെ......

# The second home

Anisha, 3rd yr bc



ജീവിതത്തിലെ ഏറ്റവും നല്ല ദിവസങ്ങൾ ജീവിച്ചു തീർത്ത നമ്മുടെ വീടായിരുന്നു SLH. ഇനി ഒരിക്കലും തിരിച്ചുവരാത്ത നിമിഷങ്ങളും എന്നും കണ്ടിരുന്ന മുഖങ്ങളും ഇന്ന് ഒരുപാട് മുറിപ്പെടുത്തുന്നു. ഒരിക്കലും ഹോസ്റ്റലിൽ ആവില്ലെന്ന് ഉറപ്പിച്ചിട്ടും ഒടുവിൽ മറക്കാൻ പറ്റാത്ത കുറേ ഓർമ്മകൾ അവിടുന്ന് സമ്മാനിച്ചു..വാക്കുകളാൽ പ്രകടമാവാത്ത അത്രയും. പടിയിറങ്ങിയിട്ടും വിട തരാത്ത മനസ്സ് ഇന്നും SLH ന്റെ ഒരുപാട് ഓർമ്മകളിൽ ജീവിക്കുന്നു.ഒരിക്കൽ കൂടി അവരയെയും അവിടവും തിരിച്ചു കിട്ടിയിരുന്നെങ്കിൽ....ഊണിലും ഉറക്കിലും ഒരുമിച്ച ഒത്തിരി സൗഹൃദങ്ങൾ,ചെയ്തു കൂട്ടിയ ഒരുപാട് കുസൃതികൾ,കുഞ്ഞു കുഞ്ഞു കള്ളത്തരങ്ങൾ, ജമീല മേട്രന്റെ കണ്ണിലെ കരടായി മാറിയ കാലം..വൈകുവോളം കോളേജിൽ അലഞ്ഞു നടന്ന് 6 മണിയുടെ അവസാന സെക്കന്റിൽ അനസ്ക്കയോട് ബൈ പറഞ്ഞ് ഐ.ടി. യിൽ നിന്ന് ഓടുന്ന ഓരോട്ടമുണ്ട്.. ഓടിത്തീർത്തതത്രയും മനോഹര നിമിഷങ്ങളായിരുന്നു. അല്ലെങ്കിലും പ്രിയപ്പെട്ടതൊക്കെയും പെട്ടെന്ന് തീർന്ന്പോവും, എത്ര വേഗത്തിലാണ് മൂന്ന് കൊല്ലം കടന്ന് പോയത്..എങ്കിലും ഇനി എന്നും ഓർക്കാൻ ഏറെ പ്രിയമുള്ള ഞങ്ങളുടെ എല്ലമെല്ലാമായ SLH ഹൃദയത്തിൽ അത്രയേറെ കഥകൾ വരച്ചിട്ടുണ്ട് ഞങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട കഥകൾ..!!

# ചൊറിയൻ പുഴുവിന്റെ ധീര മൃത്യു

Swetha Priya, 3rd year Bcom



മന്ദം മന്ദം നടന്നു നീങ്ങി
ഒരു കുഞ്ഞു ചൊറിയൻ പുഴു.
വഴിയിൽ കണ്ടുമുട്ടി തൻ
പ്രാണസഖിയെ.

ഇളം കാറ്റിൽ കണ്ണിൽ കണ്ണും നട്ട്
ചാറ്റൽ മഴയിൽ അടുത്തേക്ക് കുതിച്ച്
പരസ്പരം കൈകോർത്തു നീങ്ങി.

വന്നു രാധ തന്നെ നശിപ്പിക്കാൻ
എന്ന് മനസ്സിലാക്കി
ചൊറിയൻ പുഴു തൻ
പ്രാണസഖിമേൽ നിന്നു.

തിളച്ച വെള്ളം ഒഴിച്ച്
കൊന്നുകളഞ്ഞല്ലോ
രാധ ആ പാവത്തെ.

ധീരമൃത്യു വരിച്ചു
തൻ പ്രാണസഖിക്കായ്

എന്നാൽ.......
രാധ തൻ കണ്ണിൽ പെട്ടു
പ്രാണ സഖിയും വെന്തു മരിച്ചു
ഇരുവരും വരിച്ചു ധീര മൃത്യു

# The Chosen Ones



Saniya muhammed shafi, B.com marketing

With them,the World fades away
They are better than cocaine,in their jokes i fly
They lift me up so high,no ganja in sight
Just their hero talks without heroine make my thing funny

We are hallucinating without hallucinogens,
Feels like no time has passed,we just carry on
We crack jokes instead of crack cocaine from dust until dawn

They are the best pain, no need of for manjaana
We dont want a joint, we just need one roll call to join
When we part ways,that the mind,
Mind full of memories, their laughter shall spins.

# നിങ്ങൾ ആരെ വിശ്വസിക്കും

Najiya Sidique K,Bcom CA



നിങ്ങൾ ആരെ വിശ്വസിക്കും. ?

കാലങ്ങൾക്കനുസരിച്ച് മാറുന്നവരെയോ ? അതോ സാഹചര്യങ്ങൾക്ക് അനുസരിച്ചു മറ്റുള്ളവരിലേക്ക് ചായാൻ തയ്യാറായി നിൽക്കുന്നവരെയോ....അരുത് !

സ്വയം വിശ്വസ്തത ഇല്ലാത്ത നിങ്ങൾ മറ്റുള്ളവരുടെ മേൽ വിശ്വാസം അർപ്പിക്കുന്നത് എന്തിന്? അടിച്ചമർത്തലുകൾ ഏറ്റുവാങ്ങാനോ? അതോ അവരുടെ അരികിൽ പ്രീതി പിടിച്ചു പറ്റാനോ .....?

ഇത്തരം പ്രവർത്തനങ്ങൾ തന്നെയാണ് ഓരോരുത്തരുടെ ജീവിതപാതയെ സ്വയം തന്നെ അറ്റു കളയുന്നത്. പാഠങ്ങൾ പഠിച്ചാലും പഠിപ്പിച്ചാലും വീണ്ടും വിഡ്ഢികളായി നിൽക്കുന്നവരെയും മറ്റു വശത്ത് കാണാം. വാക്കാൽ വിശ്വസിപ്പിക്കുന്നവർ ഇവരെ അറിയാമോ ?

ബുദ്ധിമാന്മാർ ഇവിടങ്ങളിൽ നിന്ന് രക്ഷ നേടിക്കൊള്ളും. അല്ലാത്തവർ സ്വന്തത്തെ മനസ്സിലാക്കുകയോ ചിന്തിക്കുകയോ ചെയ്യാതെ സ്വയം പൊങ്ങച്ച വാക്കുകളാൽ ഇടം പിടിക്കുന്നവർ, സ്വന്തത്തെ മികച്ചതാക്കി പറയുന്നവരെ വളരെ ഇഷ്ടമാണ്. എന്നാലോ ഏറ്റവും ശ്രദ്ധിക്കപ്പെടേണ്ട വിഭാഗവും അവർ തന്നെ !

സ്വയം സംരക്ഷണത്തിനായി ചില സ്ഥലങ്ങളിൽ വിഡ്ഢികളായി അഭിനയിക്കേണ്ടി വരും. അവിടെ അഭിമാനത്തിന് താനും. കാരണം വിഡ്ഢികളായി നിൽക്കേണ്ട സ്ഥലങ്ങളിൽ അവിടം സ്ഥാനം ഉറപ്പിച്ചാലേ ജയം നമ്മുടെ കൈവെള്ളയിൽ ഒതുങ്ങുകയുള്ളൂ ....വാക്കുകൾ കൊണ്ട് സ്നേഹിക്കുകയും മനസ്സുകൊണ്ട് വഞ്ചിക്കുകയും ചെയ്യുന്ന ജീവിയാണ്. വാക്കുകൾ കൊണ്ട്

പലതും പണിതുയർത്താൻ കഴിഞ്ഞാൽ നന്നായി. നിർമിതാക്കൾ അതിന്റെ നല്ല വശങ്ങളെയോ മോശങ്ങളെയോ, അവ സ്വന്തത്തെ ബാധിക്കുന്നില്ല എന്ന തിരിച്ചറിവ് ഉണ്ടായാൽ മറ്റുള്ളവയ്ക്ക് ചെവി കൊള്ളേണ്ടതില്ല എന്ന മനുഷ്യന്റെ ക്രൂര മനസ്സ്.

ജീവനുകളെ വെറുപ്പിക്കപ്പെടുന്ന വിഭാഗം വൈകാതെ സ്വന്തം വിശ്വസ്തതയും തന്നെയാണ് തന്റെ പ്രവർത്തികൾ തല്ലി ചതച്ചത് എന്ന് അവരും മനസ്സിലാക്കും അപ്പോഴേക്കും മനുഷ്യമനസ്സുകളിലെ നല്ല സ്ഥാനമായി അവതരിപ്പിക്കപ്പെട്ടു. പിന്നീട് അവിടെ വിശ്വസ്തത ഊട്ടിയുറപ്പിക്കാൻ ശ്രമിക്കുന്നതിൽ, അവർക്ക് എന്തു കിട്ടി ? താൽക്കാലിക ആശ്വാസം ! മനുഷ്യനെ മൗനത്തിൽ ആഴ്ത്താൻ കഴിവുള്ള ദൈവം പോലും ശപിക്കപ്പെട്ടു .

താൻ ചെയ്തു കൂട്ടിയ പ്രവർത്തനങ്ങളുടെ ഫലമായിത്തന്നെ ജീവിത വഴികൾക്ക് പിന്നിൽ ദൈവം ചിലരെ തീർച്ചപ്പെടുത്തി കാണും. അവ മനസ്സ് വേദനിച്ചവന്റെ പ്രാർത്ഥനകൾക്ക് മറുപടിയെന്ന പോലെയാവാം. മറ്റുള്ളവരുടെ കണ്ണീരിൽ ഇടം നേടുന്നതിനേക്കാൾ പ്രയാസം എന്നും മികച്ചവരിൽ ഇടം നേടാൻ ആണ്. അവരുടെ പ്രവർത്തികൾക്കുള്ളതെല്ലാം ദൈവം സമ്മാന പ്പൊതികളായി കൈമാറുന്നു. അവയിൽ ഓരോന്നും അനുഭവിച്ചു പഠിച്ചു കഴിയുമ്പോഴേക്കും ദൈവം അവനെ തിരിച്ചു വിളിച്ചുകാണും !



# Monsoon

Pooja Balakrishnan, IInd yr BSc. Biotechnology

And,it rained heavily on to the roof.
'I' on the bed of the attic reading a book.
Sure enough,hoping for a voltage dip.
Sure enough, to appreciate,
its time to grab a coffee.
I sat it in the balcony,
looking at the water ripples .
Encounter with the silence,alone.
Then,surrendered
To the sound of falling treow.
Long gone the smell of mud.
It then, smelled how childhood did.
Nostalgia is a thing for sure,
With blured images to endure.
I recall the monsoon,
Warmth of my mom's hug,
That sizzling deep fried fritters,
a float paper boats and jumping pebbles,
citronella scent of mosquito repellent.
Thought kids stuff will to last .
But happened to call it as my past.
This bit shall also pass.
To travel the future our class.
To the future, as an evocation .
without exact intense destination.
And it continuous to rain.

# From your Thorn

Nafeesathul Misriya, Ist yr BA Economics



The stars in the gloomy
Sky peered at her from
Afar,
To patting her
Petals.....
Her surrounding thornes
Ached to touch her
Fragile bloom..
Dear...hom much i
Adore you?
I'm unable to touch
Your delicate feathers
Thorn moaned....
But remember
Darling....
I'm here to look out
For you
You're so
Beautiful....
Thats possible why god
Put me close to your
Stunning legs..
I swear...
I'll always keeps you
Safe from the snares of
all evils
Someone once said
"Promises are meant to
be broken"
I'm afraid
Sweetheart....
If somebody touch you
gently by scarifying
His blood on me,
Make him feel your
Warmth...
You should merge with
him by
Stirring up jealousy in
heart to those who
Admired your beauty
From far
Because,his blood
Injected into mine as
like your roots resting
In me
Darling.....
These are the poems
From a forbidden love
Were written only for
You......

# Under the Moonglean

Nafeesathul Misiriya, 1st Year BA Economics



His eyes,hazel orbs, shimmered ‘neath the
Moon’s light,
In them,a galaxy of stars twinkled bright,
“I can’t blink,”my heart whispered,in
Fright.
Lest i miss that mesmerizing sight.

Yet his gaze was fixed on the canvas
Before him,

“Can you portrait me?”I inquired,voice
dim.
His eyes shifted,from art to my form so
Prim,

I realised then,my blody weak,to limbs
Slim.

“Why do you want me to paint you?”he
Asked,a hint of smirk in his tone,
His gaze remained on the canvas,eyes
never shown.
Unaware of the shift his words had sown,
“I wish to see me,through your eyes,
alone.”

His orbs turned swiftly, fixed on me with
Allure,
My body trembled under that dark,intense
Allure,
Struggling to meet his gaze,i felt unsure,
Then, a hot breath upon my face,a sudden
heat rush to my face make a pink shade

I sense the divide,the space between,
“My hands are helpless,to capture your
Divine beauty serene,”
His voice,deep and rich,within me keen,
In awe, my eyes closed,
escaping the scene

# Fragments of Reselience

Adnan, BBA



Faces of myself lingering in the deepest of memories were Sun kisses me as i shined, Shatters of myself on to the sauce so forgot the deepest sorrows .

A heart so confused to see but an easy way out them is fare there is not hate or love. Fruit memories for game personalities has bleeding once brings growth .

Craving if any smell is left
there to smell, or the scraps
on the walls are waiting to be
scraped in the echoes of
wispers,i find fragments of
dreams ,lost in the labyrinth
Of time,where nothing is ad
It seems.
Yet amidst the chaos,a
Flicker of hope remains,A
Beacon in the darkness,

Guiding through the
Pains.with each step
Forward,I reclaim what was
Lost,gathering the pieces,no
Matter the cost.

For in the depths of despair,
Resilience is found,and from
The ashes of sorrow,a new
Strength will abound

# നല്ല കൂട്ടുകാരി



SANA, 1 st year B.com coperation

വീട്ടുജോലിക്കാരിയായിരുന്ന മീനയുടെ മകളാണ് സൂസി. അച്ഛൻ ഒരു കാർ അപകടത്തിൽ മരിച്ചുപോയിരുന്നു. അതിനുശേഷം ആണ് മിനി വീട്ടുപണിക്ക് പോയി തുടങ്ങിയത്.

സൂസിക്കിപ്പോൾ ആറു വയസ്സായി. അടുത്തുള്ള സ്കൂളിൽ അവളെ ചേർത്തു. സ്കൂളിൽ എങ്കിലും അവൾക്ക് നല്ലൊരു കൂട്ട് ലഭിക്കുമെന്ന് അവൾ സ്വപ്നം കണ്ടു. അച്ഛൻ മരിച്ച കാരണം കൊണ്ട് കുടുംബാംഗങ്ങൾ അകന്നു നിന്നു. അമ്മ മാത്രമാണ് അവളെ സ്നേഹിച്ചത്. സ്കൂളിൽ എത്തിയപ്പോൾ അവളുടെ സ്വപ്നം തകർന്നു പോയി. വീട്ടുവേലക്കാരിയുടെ മകളുമായി കൂട്ടുകൂടാൻ ആരും വന്നില്ല. എങ്കിലും നന്നായി പഠിക്കുന്ന അവളെ അധ്യാപകർക്ക് വളരെ ഇഷ്ടമായിരുന്നു. ആയിടയാണ് അവളുടെ ക്ലാസ്സിൽ അമ്മു എന്ന കുട്ടിയെത്തിയത്. വിലകൂടിയ സിൽക്കുടുപ്പുകൾ ഇട്ടുവരുന്ന അമ്മുവിനെ സൂസി ദൂരെ നിന്നും നോക്കും. അമ്മുവിനോട് കൂട്ടുകൂടാൻ എല്ലാവരും മത്സരിച്ചു,

പക്ഷേ അമ്മുവിന്റെ സംശയങ്ങൾ പലതും തീർത്തു കൊടുത്തിരുന്നത് സൂസിയാണ് അവളെ അമ്മുവിന് ഇഷ്ടമായി. അവിടെ സൂസിക്ക് കൂട്ടുകാരിയെ ലഭിച്ചു. എന്നാൽ ഈ കൂട്ടുകെട്ട് ചിന്നുവിന് തീരെ ഇഷ്ടമായില്ല. ഇവരെ അകറ്റാൻ എന്താണ് മാർഗം എന്ന് ചിന്നു ആലോചിച്ചു. ഒരു ദിവസം ചിന്നു അമ്മുവിന്റെ പുത്തൻ പേനയെടുത്ത് സൂസിയുടെ ബാഗിൽ ഒളിപ്പിച്ചുവെച്ചു. പേന കാണാതെ ആയതറിഞ്ഞ് ടീച്ചർ എല്ലാവരുടെയും ബാഗ് പരിശോധിച്ചു. സൂസിയുടെ ബാഗിൽ നിന്നും പേന കണ്ടെടുത്തു. എല്ലാവരും അവളെ കള്ളി എന്ന് വിളിച്ചു. ടീച്ചർ അടി കൊടുത്തു. അവളെ ഏറ്റവും ഇഷ്ടപ്പെട്ട ടീച്ചർ പോലും അവളെ വിശ്വസിച്ചില്ല. കരഞ്ഞു കൊണ്ടിരുന്ന സൂസിയുടെ ചുമലിൽ ആരോ കൈവച്ചു, സൂസി മുഖം ഉയർത്തി നോക്കി അത് അമ്മു ആയിരുന്നു. അമ്മു പറഞ്ഞു ആര് എന്ത് പറഞ്ഞാലും എനിക്കറിയാം നീ തെറ്റ് ചെയ്തിട്ടില്ലെന്ന് ചതി പറ്റിയ താണെന്ന്. നീ എന്നും എന്റെ പ്രിയപ്പെട്ട കൂട്ടുകാരി ആയിരിക്കും. അത് കേട്ടപ്പോൾ അവൾ അമ്മുവിനെ കെട്ടിപ്പിടിച്ച് കരഞ്ഞു, അമ്മുവും.

# കോളേജ് ലൈഫ്

Nazima K, B.com



എന്റെ അലോട്മെന്റ് ലിസ്റ്റിൽ 4ാമത്തെ ഓപ്ഷൻ ആയിരുന്നു സർ സയ്യിദ് ഇൻസ്റ്റിറ്റ്യൂട്ട്. 1-ാം ക്ലാസ്സ് മുതൽ കൂടെ പഠിച്ച മൂന്ന് കൂട്ടുകാരികൾക്കും ഒരേ കോളേജിൽ അഡ്മിഷൻ ലഭിച്ചു. ആരോടും അങ്ങോട്ട് പോയി സംസാരിക്കുന്ന ശീലം പണ്ട് മുതലേ എനിക്കില്ലാത്തത് കൊണ്ടുതന്നെ കോളേജിലെ ആദ്യത്തെ ഒന്ന് രണ്ട് മാസങ്ങൾ ഞാൻ വല്ലാതെ ഒറ്റപ്പെട്ടു. വൈകി ക്ലാസ്സിൽ കയറിയും ഹവറുകൾ കട്ടാക്കിയും ലീവെടത്തും 1ാം സെമസ്റ്റർ പൂർത്തിയായി... പൂർത്തിയാക്കി.അവിടെ നിന്നിങ്ങോട്ടുള്ള 5 സെമസ്റ്ററുകളും മിനുട്ടുകൾ പോലെ ആണ് കടന്നുപോയത്.ഒരു മൂലയിൽ മാത്രമായി ഒതുങ്ങിപ്പോയ ഞാൻ കോളേജ് യൂണിയനിലെ ഒരു അംഗമായി.ഞാൻ ആകെ മാറി.എന്നെ മാറ്റിയെടുത്തു. എന്നെ മാത്രമല്ല പലരെയും.മടിയോടെ കോളേജിൽ വന്നവർ ഇന്ന് മടിയോടെ വീട്ടിലേക്ക് പോകുന്നു.അതങ്ങനെ യാണ്.. കൗമരത്തിന്റെയും യുവത്വത്തിന്റെയും ഇടയിലുള്ള ജീവിതഘട്ടം. നമ്മൾ നമ്മളെ തന്നെ അറിയാതെ പോകുന്ന ഘട്ടം.. മാറിക്കൊണ്ടിരിക്കുന്ന സ്വഭാവങ്ങൾ.. ഇതുവരെ ഇല്ലാത്ത ശീലങ്ങൾ..ജീവിതത്തിന്റെ ഈ ഘട്ടത്തിൽ നാം നമുക്ക് ചുറ്റുമുള്ള ആളുകളെ സ്വാധീനിക്കുന്നു.എന്റെ മാറ്റത്തിന് ഇൻസ്റ്റിറ്റ്യൂട്ടിന് വലിയ പങ്കുണ്ട്.എന്റെ മാത്രമല്ല പലരുടെയും.

ഒരിക്കൽ പോലും ചിന്തിച്ചിരുന്നില്ല ഇങ്ങനെയൊരു കലാലയജീവിതം ഉണ്ടാവുമെന്ന്..

മറക്കാനാവാത്ത മുഖങ്ങൾ, മായ്ക്കാനാവാത്ത വാക്കുകൾ, മടങ്ങി വരാത്ത നിമിഷങ്ങൾ...ഒഴിവ് സമയങ്ങളിലെ ബേക്ക് ബെഞ്ചേഴ്സിന്റെ കലാപരിപാടികൾ,ക്ലാസ്സ് കട്ടാക്കിയിട്ടുള്ള സിനിമ കാണൽ, കാന്റീനിലെ പുയ്പടികൾ, മരചുവട്ടിലെ സൊറപറച്ചിൽ...പൊട്ടിമുളച്ച പ്രണയങ്ങൾ,വാടി തീർന്ന പ്രണയങ്ങൾ..എല്ലാത്തിനും പുറമെ വേർതിരിവുകളും അതിർവരമ്പുകളും ഇല്ലാത്ത സൗഹൃദം. സൗഹൃദത്തിനുപരി കുടുംബമായി മാറിയ ചിലർ.തോളിൽ കയ്യിട്ട് കൂട്ടത്തോടെ ആടിയും പാടിയും കഴിച്ചു കൂട്ടിയ നിമിഷങ്ങൾ. കാന്റീനിലെ ഒറ്റ പാത്രത്തിൽ പത്തുപേർ കയ്യിട്ട് വിശപ്പടക്കിയിരുന്ന കാലം.ഏറെ വേദനിപ്പിക്കുന്നത് മഴക്കാലത്തെ കുളിരുള്ള ഓർമകളാണ്. ഒരു കുടക്കീഴിൽ നാലും അഞ്ചും പേര് ആശ്രയം കൊണ്ടിരുന്ന കാലം. മഴ നനഞ്ഞ യൂണിഫോമുമായി ക്ലാസ്സിൽ കയറിയ ദിനങ്ങൾ. അന്നത്തെ വൈകുന്നേരങ്ങളിലെ കൂട്ടുകാർ വാങ്ങിത്തന്ന ചൂടുള്ള ചായ. ഇനിയില്ലല്ലോ അങ്ങനെയൊരു കാലഘട്ടം. ഈ അധ്യായവും കഴിഞ്ഞു. എല്ലാം ഇനി ഓർമകളുടെ പുസ്തകത്തിൽ മാത്രം. പഴയ പുസ്തകങ്ങൾ അടുക്കി വച്ച തട്ടിൽ ഇതും എടുത്തു വയ്ക്കാൻ സമയമായി.

എല്ലാവർക്കും എല്ലാത്തിനും നന്ദി. കൂടെ നിന്ന് പ്രോത്സാഹിപ്പിച്ചതിനും സഹായിച്ചതിനും ഉയരങ്ങളിലെത്താൻ പ്രേരിപ്പിച്ചതിനും പ്രിയപ്പെട്ട അധ്യാപകർക്ക് നന്ദി..



# Memories

Fathima taha, IInd yr BBA

Melt slowing as the snow
Thoughts of yesterday,
Wash out with tide
Memories of laughter and joy
In ways, we cannot measure,
They are woven into our very souls
For through them
Those memories i will keep!

# അതേ അവൾ ഭ്രാന്തിയാണ് !

Rahna, Ist year BA English



അത് അത്രമേൽ മുറിവേകുന്ന
ഒരു രോഗമാണെന്നറിഞ്ഞിട്ടും
വീണ്ടും ഞാൻ ആ വ്രണം
സ്വീകരിക്കാൻ തയ്യാറായി
എന്തിനോ .... ഏതിനെന്നോ
അറിയാതെ,
ആ മുറിവ് കൈപ്പല്ലാത്ത
മധുരമാണെന്ന് എനിക്ക്
എന്നെ വിശ്വസിപ്പിക്കാനെങ്കിലും !

ഞാൻ ആ രോഗത്തിൻ
ദിനംപ്രതി അടിമയായി
വിഷമാണെന്നറിഞ്ഞിട്ടും
ഞാൻ അതിനെ
എന്നിലേക്ക് ആവാഹിച്ചു !
എല്ലാവരും അതിനെ
ഭ്രാന്തെന്ന് മുദ്രകുത്തി
ഞാൻ അതിനെ പ്രണയമായും...!



# വേണ്ടാതവ

Zain bin saifudheen, IInd yr BBA

എന്ത് പറ്റിയെന്ന് ചോദിക്കാത്ത ചോദ്യത്തിന്റെ പറയാത്ത ഉത്തരങ്ങൾ മൂലയിൽ കുന്നുകൂടി.

അടുപ്പ് കത്തിക്കാൻ പോലും ഉമ്മാക്ക് വേണ്ടാത്ത ബിരുദങ്ങളുടെ കൂട്ടത്തിൽ ചിതൽ പോലും വെറുത്ത് അത് ചിരഞ്ജീവിയായി കിടന്നു

ആത്മാവെ ..... മംഗളം

നീ ചിരഞ്ജീവിയല്ലല്ലോ!


# മരണം

Shana Shirin Hamsa
IInd MSc. MicroBiology



ആകാശഗോപുരങ്ങൾ താണ്ടി താണ്ടി
നീലക്കടലിൻ ശബ്ദനാദം നീക്കിയോടി
വരുന്നതാ എൻ പ്രാണനെ നോവിക്കുവാൻ
നോവിക്കല്ലേ, നോവിക്കല്ലെയെന്നാരോ മൂളുമ്പോഴും
എനിയെന്തിനീ ജീവിതത്തെ ഭൂമിതൻ
ഗ്രഹത്തിന്മേൽ പാപിയായി ജീവനൊടുക്കി
ഈ പ്രപഞ്ചത്തിന്മേൽ മൃത്യുതൻ ഖഡ്ഗം എൻ
ജീവനിൽ അല്ലലായി സ്രോതസ്സോതുന്ന മരണം

മരണം വന്ന് മാടിവിളിക്കുന്നേരം
ജീവിക്കാനൊരു കൊതിതോന്നുകയാം എൻ ഹൃദയത്തി-
ലിരിപ്പുവെല്ല വൈരിയുമെല്ലവൻ
നിൻ ജീവനിൽ പതിഞ്ഞിരിക്കുന്ന
നിഴലാണവൻ മരണമെന്ന കൂട്ടുകാരൻ
അശാന്തരുഷാന്ത മനസ്സിൽ
സ്ഥാനം കുറിക്കപ്പെട്ടവൻ ഈ മരണം
മരണമില്ലാ ജീവിതമില്ല
പൂക്കളിൽ, വായുവിൽ, ദലമർമ്മരങ്ങളിലുണ്ട്
ഈ ഊർജ്ജസ്വല മരണം
ക്ഷോണിതൻ നാകത്തിന്മേൽ
അസ്ഥിരനായി മടങ്ങുന്നു ഞാൻ
എൻ ആത്മലോകമായ മരണത്തിലേക്ക്



മരമൊരു
വീട് കെട്ടുന്നു
നാമതിനെ
തണലെന്ന് വിളിക്കുന്നു
തണലൊരു വിശറി തീർക്കുന്നു
നാമതിനെ കാറ്റെന്നു
വിളിക്കുന്നു.

**എം.ആർ. രേണുകുമാർ**



മരുഭൂമിയായിത്തീരുന്നു
ഈ നാടും.
മരം നടേണ്ടുന്നതിന്
വനം മുളയ്ക്കേണ്ടുന്നതിന്
ഇല്ലാത്തോർക്ക് കൊടുക്കേണ്ടുന്നതിന്
പകരം
ഇവിടെ
കത്തിച്ചു കളയുകയാണല്ലോ

**എം.ബി മനോജ്**



മരങ്ങളെ മനസ്സിലാക്കുന്നവർക്ക്
ഒരു മരമായിത്തീരേണ്ട കാര്യമില്ല.
എന്തുകൊണ്ടെന്നാൽ മരമെങ്ങനെ
മരമായിരിക്കുന്നുവോ
അതുപോലെ
നമ്മൾക്കോരോരുത്തർക്കും
നമ്മളായിരിക്കാൻ കഴിയും.



ബഹിഷ്കൃതയായ
അടിമപെണ്ണ് ഹാജറാക്കും,
മകൻ ഇസ്മായിലിനും
മരുഭൂമിയിലെ പൊള്ളുന്ന ചൂടിൽ
സാന്ത്വനമായത് ഒരു സർഹം മരമാണ്.
ബുദ്ധന്, പ്രബുദ്ധതയുടെ
ചിറകുകൾ നൽകിയത്
ബോധിവൃക്ഷമാണ്.
സ്വർഗ്ഗത്തിൽ ഒരു ഇലന്ത മരമുണ്ട്.
അവിടെയാണ് ഖദീജ ബീബി
പ്രവാചകനെ കാത്തിരിക്കുന്നത്.

## SIR SYED INSTITUTE FOR TECHNICAL STUDIES, TALIPARAMBA

It is with immense pleasure and gratification that I present the 22nd Annual report of Sir Syed Institute for Technical Studies, Taliparamba for the Academic Year 2023-2024.

Sir Syed Institute for Technical Studies, Taliparamba is one of the leading unaided self financing Colleges affiliated to Kannur University and recognized by the Government of Kerala. This prestigious project of Cannanore District Muslim Educational Association (CDMEA) started functioning in 2002 during the month of October. It is named after Sir Syed Ahammed Khan to perpetuate the memory of the Pioneer of Muslim Educational Movement in India. It is situated in Karimbam 2.5 KM east of Taliparamba in Kannur District. The Institute offers 4 PG courses in M.Sc. Computer Science, M.Sc. Biotechnology, M.Sc. Microbiology, M.Sc. Biochemistry and 13 UG courses in B.Sc. Computer Science, B.Sc. Biochemistry, B.Sc. Microbiology, B.Sc. Biotechnology, B.Sc. Psychology, B.Sc. Food Technology, B. Com with Computer Application, B. Com. Finance, B. Com. Marketing, B.Com. Co-operation, B.B.A, B.A. English and B.A. Economics. Besides, the CDMEA also offers patronage to Sir Syed College, Keyi Sahib Training College, Sir Syed Higher Secondary School and Kurumathur South U.P. School all located in nearby campuses.

The activities of the current Academic year started on 1st June 2023. The admission to PG and UG courses started on 25.07.2023 and 13.07.2023 respectively. During the Academic year 2023-2024, 618 students were admitted to various courses. Among them 46 were PG and 572 were UG students. At present there are 1729 students comprising 777 boys and 952 girls. This year shows a marked improvement in the performance of our students from UG and PG. It has been as usual, on the path of improvement in academic excellence.

We have 75 enthusiastic and vibrant members of teaching faculty. The ministerial staffs com-

prises 21 members. Two lecturers and one office staff left the Institution to take up a better assignment elsewhere. Their services are fondly remembered. Three lecturers and one IT staff have been newly appointed this year.

**Aims and Objectives :**

To equip educationally and socially backward people especially the Muslim in the Northern part of Kerala for the national reconstruction by giving them quality education.

To enable and prepare the students to face take up the challenges of future by providing them with academic foundation which is intellectually, scientifically, culturally and morally sound.

Various Committees are formed for the governance of the Institute such as

**1. Admission Committee:**

An admission committee with the following members has been constituted towards the selection of students for UG & PG courses for the academic year 2023-2024.

| | | |
|---|---|---|
| 1.Mr. Shafeeque. P. | Asst. Professor in Malayalam | (Nodal Officer) |
| 2.Mrs. Vigi Kurian | Asst. Professor Dept. of CS | (Member) |
| 3.Mr. Nithin. K. | Asst. Professor Dept. of Econo. | ( ,, ) |
| 4.Mr. Sabith.V.M. | Asst. Professor Dept. of Eng. | ( ,, ) |
| 5.Mr. Mustafa. K.M. | Senior Superintendent | ( ,, ) |
| 6.Mr. Ummer. K.V. | Superintendent | ( ,, ) |

The committee is directed to adhere to the rules and regulations of the University relating to the admission.

## 2. Discipline Committee:

The College discipline Committee has been reconstituted with the following members.

| | | |
|---|---|---|
| 1.Mr. Muhammed Jamsheer. | P.K. Dept. of Physical Edn. | Convener |
| 2.Mr. Abdu Rahiman. P. K. | Asst. Prof. In Arabic | Joint Convener |
| 3.Mrs. Shabina.K.P. | Dept. of Biotechnology | Member |
| 4.Mrs. Fazeela Mustafa | Dept. of Commerce | -do- |
| 5.Mr. Bibin Thomas.M. | Dept. of Mgmnt. Studies | -do- |
| 6.Mr. Ansar. P.P. | Dept. of Management Studies | -do- |
| 7.Mr. Shafeeq. P. | Asst. Prof. in Malayalam | -do- |
| 8.Mr. Nithin. K. | Dept.of Economics | -do- |
| 9.Mrs. Jasitha. M. V. | HoD of Commerce | -do- |
| 10.Mr. Sabith .V.M. | Dept.of English | -do- |
| 11.Mr. Muhammad Rafi. P.V. | Senior Clerk | -do- |

## 3. Anti-Ragging Committee:

An Anti-Ragging Committee has been constituted with the following members for the academic year 2023-2024.

| | |
|---|---|
| Chairman | : Prof. Dr. Khaleel. K.M., Principal |
| Representative of Civil Administration | : Mr. Bhaskaran. P. K., Tahsildar, Taliparamba |
| Representative of Police Administration | : Mr. Binesh. A.V. C. I of Police, Taliparamba. |

| | | |
|---|---|---|
| Representative of N.G.O. involved in Youth Activities | : | Mr. Chandran .K.K, OISCA, Kannur. |
| Representative of Local Media | : | Mr. Ravi Pulukool, Correspondent, Mathrubhumi, Taliparamba |
| | : | Mr. I. Divakaran, Correspondent, Malayala Manorama, Taliparamba. |
| | : | Mr. K. Muhammed Riyas, Correspondent, Chandrika, Taliparamba. |
| Representative of Faculty Members | : | Mr. Bibin Thomas.M., Asst. Prof. Mgmnt.Studies |
| | : | Mrs. Susmitha. V.P., Asst. Prof. in Physiology. |
| | : | Mrs. Fazeela Mustafa, Asst. Prof. Dept.of Commerce |
| | : | Mrs. Sincy Rachel Mathew, Asst. Prof. Dept.of CS |
| Representative of Parents | : | Mr. Shaji. V.K. Parents of junior student. |
| | : | Mr. Asokan Parents of senior student. |
| Representative of Office Staff | : | Mr. Ummer. K. V., Superintendent. |

**4. Anti-Mobile phone Squad :**

An Anti- Mobile phone squad has been constituted with the following members.

| | | |
|---|---|---|
| 1.Mr. Sijil. P.M. | Asst. Professor Dept. of Mgmnt. Studies | Convenor |
| 2.Ms. Sumitha Joseph | Asst. Professor Dept. of English. | Member |
| 3. Mrs. Javatha. K.N. | Asst. Professor Dept. of Microbiology | -do- |
| 4.Mr. Rajesh. P. K. | Librarian | -do- |

**5. Anti- Ragging Squad :**

An Anti-Ragging squad has been re-constituted with the following members.

| | | |
|---|---|---|
| 1. Mr. Bibin Thomas.M. | Asst. Prof., Management Studies | Convenor. |
| 2. Mr. Abdul Rahiman .P.K. | Asst. Professor in Arabic | Member |
| 3. Mrs. Asna. C. | Asst. Professor Dept. of Commerce | -do- |
| 4. Mrs. Fazeela Mustafa | Asst. Professor Dept. of Commerce | -do- |
| 5. Mr. Nithin. K. | Asst. Professor Dept. of Economics | -do- |
| 6. Mr. Sabith. V. M. | Asst. Professor Dept. of English | -do- |
| 7. Mr. Muhammad Rafi. P.V. | Clerk | -do- |
| 8. Mr. Ameer. K. | Lab. Assistant | -do- |
| 9. Mr.Muhammed Ajmal. K.V. | Lab. Assistant | -do- |
| 10. Mr. Haris. C. K. | Office Attendant | -do- |

**6. Parent- Teachers Association :**

The Parent-Teachers Association plays an active role in the Academic and Physical development of the Institution. We have constituted a PTA committee with 24 executive members. Mrs. Beena. K. P, Assistant Professor in Hindi is the Secretary of the Association. Mr. Shaji. V.K. is the Vice President. The Association meets periodically with mutual convenience to discuss various problems related to the students. The functioning of PTA has shown a marked improvement in the physical and academic discipline of the Institute.

**7. Ladies Association :**

Ladies Association for the academic year 2023-2024 is reconstituted with the following office bearers.

| | | |
|---|---|---|
| 1.Mrs. Shabina. K.P | Department of Biotechnology | Secretary |
| 2.Mrs. Priya. P.V. | Department of Commerce | Member |
| 3.Mrs. Thasneem Abdulla | Department of Biotechnology | -do- |
| 4.Mrs. Aswathi Sreenivasan.C.V. | Department of Biochemistry | -do- |
| 5.Ms. Veena. O | Department of English | -do- |

**College Union Elections**

The College Union election 2023 was held on 29th September 2023 in a democratic and peaceful manner. Mr. Muhammed Jamsheer. P.K., Assistant Professor, Department of Physical Education was appointed as returning officer. The following members were elected as office bearers.

| | | |
|---|---|---|
| Chairman | : Reza Mohammed Jabir | V Sem. B. Com. Finance |
| Vice Chairman | : Shahana Sarin | V Sem. B.Sc. BC. |
| Secretary | : Nazima. K. | III Sem. B.Com. CA. |
| Joint Secretary | : Anisha | V Sem. B.Sc. BC |
| UUC | : Muhammed Ajnas. P. | III Sem. B. Com. Fin |
| | : Shada. K.N | III Sem. B. Com. Fin |
| Secretary of Fine Arts | : Muhammed. K. K. | V Sem. B. Com. CA. |
| Chief Student Editor | : Noor Fathima. | III Sem. B. Com. Mkt. |
| General Captain | : Safras. C. | V Sem. B. Com. CA |

**Staff Advisor:**

Mr. Abdul Rahiman. P.K., Assistant Professor in Arabic is appointed as staff advisor.

**College Union :**

The College union was inaugurated by Adv. Abdul Kareem Cheleri President of IUML, Kannur District on 09.11.2023 at a function presided over by Prof. Dr. Khaleel. K.M., Principal, SSITS. Welcome speech by Mr. Reza Mohammed Jabir, Chairman, College Union.

Adv. P. Mahammod, President CDMEA; Mr. Mahamood Allamkulam, Secretary, CDMEA; Dr. C.H Aboobacker Haji, Chairman, SSITS Governing Body, Mr. Shaji. V. K, Vice-President PTA; Mrs: Beena. K. P., Secretary, P.T.A; Mrs. Khadeeja. K.T.,Secretary, College Council; Dr. Siraj M.V.P., IQAC Co-ordinator, Mr. Nizamudheen.K.M., Staff Secretary ; Mr. Abdul Rahiman. P. K, Staff Advisor; Mr. Shijil. K., Fine Arts Co-ordinator and Mr. Mustafa. K.M, Senior Superintendent offered felicitations. Miss. Nazima. K, Secretary proposed a vote of thanks. This was followed by Variety of entertainments.

**MEGA EXHIBITION –Flare 23:**

The College Mega Exhibition FLARE 23 held on 7th, 8th and 9th September 2023 Day was an extraordinary showcase of innovation, creativity and academic progress.

**CONVOCATION CEREMONY:**

The College convocation ceremony held on 26th October 2023.The halls of Sir Syed Institute for Technical Studies resonated with jubilant cheers and heartfelt applause as the Institution commemorated the remarkable accomplishments of its graduating class during the annual convocation ceremony.

**CHROMARA FUSION FEST:**

'CHROMARA' Inter College Mega Fusion Fest conducted by Sir Syed Institute College Union on 1st and 2nd February 2024. About 300 outside students from various Colleges participated in the fest.

**FOOD FEST:**

College Union of Sir Syed Institute for Technical studies conducted food fest on 22.02.2024.

# ACADEMIC DETAILS

## Result of Degree April 2023 Exam (2020 Admission)

| Name of the course | Pass/Percentage |
|---|---|
| B.Sc. (CS) | 07.41% |
| B.Sc. (MB) | 83.78% |
| B.Sc. (BC) | 70.37% |
| B.Sc. (BT) | 61.11% |
| B.Sc. (Psy) | 43.48% |
| B.Com. | 27.91% |
| BBA | 38.64% |
| B.A. English. | 21.43% |
| B.A. Economics | 10.26% |

## Result of PG March 2023 Exam (2021 Admission)

| Name of the course | Percentage |
|---|---|
| M.Sc. (CS) | 75.00% |
| M.Sc. (BT) | 83.33% |
| M.Sc. (MB) | 76.19% |

**List of the Rank holders in Kannur University Examinations 2023**

| | | |
|---|---|---|
| 1.Aysha C H | M.Sc. Microbiology | I Rank |
| 2.Arthana. K. | -do- | II Rank |
| 3.Amaya. K. V | B.Sc. Microbiology | II Rank |
| 4.Archana Suresh | M.Sc. Biotechnology | II Rank |
| 5.Arya P V | -do- | III Rank |
| 6.Fathimathul Husna Zakariya | B.Sc.Biotechnology | II Rank |
| 7.Aniketha Sudheer | -do- | III Rank |
| 8.Gopika Rajesh | B.Sc. Biochemistry | I Rank |
| 9.Shabnam Shirin. M. | -do- | II Rank |

**Sports and Games**

The Annual Sports Day 2023-2024 was conducted on 23.01.2024 with full gaiety and fervour. Mr. Mohammed Rafi, former Indian Footballer inaugurated the Sports Day at a function presided over by Prof. Dr. Khaleel. K. M, Principal, SSITS. Prizes distributed. . Intramural Foot ball tournament was conducted, students participated enthusiastically.

**Achievements in Sports**

1.Mr. Muhammed Nihal. P. M. (I Sem. B.B.A) got Gold medal in Weight Lifting and participated All India Inter University Championship.

2.Muhammed Shanib. K.T. (VI Sem.B.Com.Fin) got Bronze medal in Judo and Wrestling Championships.

3.Thahir Kamarudheen. P.P. (I Sem.B.Com.Fin) got Bronze Medal in Boxing Championship.

4."B" Zone Cricket championship held at Sir Syed College Campus, Taliparamba qualified for semi-final.

**Arts Festival**

Kannur University Arts Festival 2023-2024 was held at Peoples Co-operative Arts & Science College, Munnad from 07.02.2024 to 11.02.2024. Forty five (45) students.

participated in 38 events in which 'Duffmuttu' secured third place with 'A' grade and Mehandi Design secured second place with 'A' grade,

**Nature Club:**

The aim of nature club is to educate and encourage the students to conserve the environment and also to motivate to take part in activities concerning its preservation. Various programmes were conducted.

**Music Club:**

The Music Club aims to encourage and develop the taste of music among the students and the staff. Mrs. Shiji. V, Assistant Professor, Department of Microbiology is the Convener of the Music Club.

**Department of English:**

FEEL (Forum for Enjoying English Literature) is the club of English Department. The Department of English conducted various Programmes during the academic year 2023-2024.

**Dept. of Biotechnology**

The Biotechnology club of S.S.I.T.S. "Biovancia" organized various Programmes.

**Dept. of Computer Science:**

'Technok' is the IT Club of Department of Computer Science. Various programmes were conducted during the academic year 2023-2024.

**Department of Microbiology:**

'Microvision' is the club of Microbiology students, which is formed to build social skills and self esteem to encourage individual and group activities to develop the creativity and encourage the habit of exploration in students. Various programmes were conducted.

**Department of Economics:**

An Economic forum 'ECONOTIZE" is the club of Economics it was formed to create awareness about the current economy and various aspects of economy through seminars, workshop and panel discussions etc. Various programmes were conducted during the academic year 2023-2024.

**Department of Commerce:**

'INSPIRO' is the club of Commerce students. Various programmes were conducted.

**Department of B.B.A:**

The Management Club 'SMART' conducted various programmes during the academic year 2023-2024.

**Department of Biochemistry:**

'TEAM BIOS' is the club of Biochemistry Department, the club conducted various programmes during the academic year 2023-2024.

**Department of Psychology:**

"PSY Forum" is the Club of Department of Psychology organized various Programmes during the academic year 2023-2024.

**Industrial Visit, study tour and other activities**

Students from various Departments went for study tour and industrial visit.

**Placement Cell:**

Placement cell provides proper guidance and information regarding openings and opportunities for all students in various Companies. Mr. Bibin Thomas. M, HoD of Management Studies is the Co-ordinator of the placement cell.

**Internal Quality Assurance Cell (IQAC):**

IQAC conducted various programmes during the academic year 2023-2024.

**M.o.U Agreement:**

1. Deparment of Biotechnology of SSITS and Botany Department of Payyannur College, Payyannur.
2. Department of Biotechnology of SSITS and Zoology Department of PRNS College, Mattannur.
3. SSITS IQAC and GURUDEV College IQAC.

**NSS Activities**

NSS unit of the Institute regularly conducts various activities.

**Special Camp:**

NSS Special Camp was conducted in the month of December, 2023 at Government Higher Secondary School, Mathil. The Camp was inaugurated by Mr. M.V. Sunil Kumar, President, Kankol Alapadamba Grama Panchayath at a function presided over by Prof. Dr. Khaleel. K. M., Principal, SSITS. Ward Member and PTA Vice President of SSITS offered felicitation.

**Achievements:**

Adith. T.V, VI semester B. Com. Co-operation got best NSS volunteer award from Knnur University

**Library facilities**

| | | |
|---|---|---|
| Total number of books | - | 5253 |
| Number of Books added during this year | - | 105 |
| Number of journals subscribed | - | 32 |

**Computer Facilities & Internet**

| | | |
|---|---|---|
| 1.Computer | - | 137 |
| 2.Laser Printer | - | 12 |
| 3.Broad Band Connection | - | 03 |
| 4.Scanner | - | 03 |
| 5.Dot Matrics Printer | - | 01 |

| | | |
|---|---|---|
| 6. LCD Projector | - | 07 |
| 7.Laptop | - | 03 |
| 8. Colour Printer | - | 06 |
| 9. UPS 5KVA | - | 05 |
| ,, 800VA | - | 01 |
| ,, 600VA | - | 22 |

**Developmental Activities:**

Our management is very keen and enthusiastic in the overall development of the Institute and magnanimous in allotting funds. Laboratory equipments were purchased for the Microbiology and Bio-technology Departments. Old computers were replaced by new ones in Computer Science Laboratory. Library books were purchased. The Construction of the new College building is going on progress.

The Management of this Institute is the main strength of its curricular and extracurricular activities. The dedicated members of the CDMEA and Governing body are in the forefront whenever their advice and services are necessary. I take this opportunity to express my deep sense of gratitude to Adv. P. Mahamood, President CDMEA; Janab. Mahamood Allamkulam, General Secretary CDMEA; Dr. C. H. Aboobacker Hajee, Governing body Chairman of the SSITS; Adv. P. Mahamood, Manager, SSITS; and all other executive members of the CDMEA for their whole hearted support in running the Institution smoothly.

I place on record with gratitude the unconditional support extended by the teaching staff, ministerial staff, PTA and office bearers of the students' union and all other well wishers of our Institute in running the College smoothly. I hope the same trend will continue in the coming academic years as well.

I wish all my students and colleagues the very best in their future endeavours.

# MAGAZINE TEAM



**Shafeeque P**
Staff Editor



**Noor Fathima**
Student Editor




**Fathima P**
IIIrd Yr. Bcom Marketing



**Muhammed Sinan K V**
Ist Yr. BBA



**Nazima Rahman**
IInd Yr. Bcom CA



**Muhammed Razim**
IInd Yr. Bcom Finance



**Muhammed Ajnas**
IInd Yr. BBA



**Muhsina P T P**
Commerce Dept.



**Jasitha M V**
Commerce Dept.



**Priya P V**
Commerce Dept.



**Bindu P**
Malayalam Dept.



**Beena K P**
Hindi Dept.

# STUDENTS UNION



**Reza Mohammed Jabir**
Chairman



**Shahana Sarin**
Vice Chairman



**Nazima K**
General Secretary



**Anisha**
Joint Secretary



**Muhammed Ajnas P**
UUC



**Shada K N**
UUC



**Muhammed K K**
Fine Arts Secretary



**Noor Fathima**
Student Editor



**Safras C**
General Captain



**Moushiya Sherin**
PG Representative



**Shaza Zubair**
3DC Representative



**Muhammed Shanif K**
2DC Representative



**Muhammed Naif**
1DC Representative

# ASSOCIATION SECRETARIES



**Naaswibathu Shahana**
Asso. Secretary, Biochemistry



**Nandu K.**
Asso. Secretary, BSc. Food Technology



**Fahad Abdulla**
Asso. Secretary, Biotechnology



**Mohammed Zain Bin**
Asso. Secretary, BBA



**Safa C H**
Asso. Secretary,Commerce



**Shifa Jabbar K T**
Asso. Secretary, CS



**Tanseera P P**
Asso. Secretary, Microbiology



**Amani V M**
Asso. Secretary, English



**Fathimathul Hiba O M**
Asso. Secretary, Economics



**Raniya Tanaz Ettol**
Asso. Secretary, Psychology


# RANK HOLDERS



**Anaswara Rajeev**
Ist Rank, MSc. Microbilogy



**Bhavika M**
IInd Rank, MSc Biotechnology



**Shezni C**
IInd Rank, Bsc. Microbilogy



**Shahana Sherin**
IIIrd Rank, MSc Microbiology



**Sandra K**
IIIrd Rank, MSc Biotechnology



**Kavya K**
IIIrd Rank, MSc CS



**Sreelakshmi B**
IIIrd Rank, Bsc. Biotechnology



**Shaziya Jabeen Meharoof**
IIIrd Rank, Bsc. CS

# SPORTS & GAMES



Cricket Team



Football Team



**Muhammed Shanib K.T.**
(3rd Yr. B.com Finance)
Won Bronze Medal,
81 kg category in Kannur University
Intercollegiate Judo Championship
&
won Bronze Medal,
79 kg category in Kannur University
Intercollegiate Wrestling Championship



**Muhammed Nihal P.M.**
(Ist Yr. BBA)
Won Gold Medal
81 kg category in
Kannur University
Intercollegiate Weight Lifting
Championship



**Thahir Kamarudheen P.P.**
(Ist Yr. B.com Finance)
Won Bronze Medal
Bantam weight category in
Kannur University
Intercollegiate Boxing
Championship



# UNION PROGRAMS











വൈകിട്ട് 5 മണിക്ക് അസീസ്ക്ക നീട്ടി വിസിലൂതും. അപ്പോൾ വിദ്യാർഥികളൊക്കെ ക്യാമ്പസ് വിട്ട് പുറത്തു പോകണം. ഞങ്ങളെ പുറത്താക്കിയ ശേഷം ക്യാമ്പസിലേക്ക് മറ്റുചിലർ കടന്നുവരും. രാവിലെ മുതലേ വെയിലത്ത് കളിച്ചു രസിച്ചുകൊണ്ടിരിക്കുന്ന തുമ്പികൾ, പൂമ്പാറ്റകൾ, നൂറുകണക്കിന് പക്ഷികൾ, അവിടെ വന്ന് വട്ടമിട്ട് പറന്നു കളിക്കും, ക്യാമ്പസിനുള്ളിൽ ഇരുട്ട് പടരുമ്പോൾ പാമ്പുകൾ അവരുടെ കുഞ്ഞുങ്ങളെയും കൂട്ടി രാത്രി സഞ്ചാരത്തിന് ഇറങ്ങും. വഴിതെറ്റിപ്പോയ പാമ്പിൻ കുഞ്ഞുങ്ങളെ പിറ്റേന്ന് രാവിലെ ക്ലാസ് മുറിയിലോ ലാബിലോ പ്രിൻസിപ്പാളിന്റെ ശീതീകരിച്ച മുറിയിൽ നിന്നോ നമ്മൾ കണ്ടെത്തും. നിശബ്ദമാണ് സർ സയ്യിദ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ രാത്രിയുടെ ലോകം. അത് തന്റെ കുഞ്ഞുങ്ങളെ മാറോട് ചേർത്ത് പിടിക്കും. ബസ്സിറങ്ങി കൂട്ടുകാരോടൊപ്പം ക്ലാസുകളിലേക്ക് ചിരിച്ചുകൊണ്ടു പോകുന്നവരെ, യാതൊരു കൂസലും ഇല്ലാതെ ചുവന്ന കണ്ണുകളുമായി ഇരകളെ കാത്തിരിക്കുന്ന ക്രൂരന്മാരായ റാഗിംഗ് സീനിയേഴ്സിനെ, അടി വാങ്ങി കലങ്ങിയ കണ്ണും മനസ്സുമായി വേദനിച്ച് വീട്ടിലേക്ക് പോകുന്ന ഒന്നാം വർഷക്കാരെ, അവർക്കൊന്ന് കരയാൻ പോലും ആവുന്നില്ലല്ലോ എന്ന് ഓർത്ത് മനംനൊന്ത് ആകാശത്തേക്ക് നോക്കി പരിതപിക്കും.

റാങ്ക് വാങ്ങി, ജോലി നേടി മധുര പലഹാരങ്ങളും പുഞ്ചിരികളുമായി വരുന്നവരെ, പരീക്ഷകളിൽ തോറ്റു പോയവരെ, സപ്ലിക്കും ഇമ്പ്രൂവ്മെന്റിനും കാത്തിരിക്കുന്നവരെ, കണ്ടോണേഷനും റോൾ ഔട്ടുമായി പുറത്തായവരെ, പരീക്ഷകൾ എഴുതാൻ കഴിയാത്തവരെ, പഠനം പാതിവഴിയിൽ നിർത്തേണ്ടി വന്നവരെ, ജീവിതയാത്രയിൽ പകച്ചു നിന്നവരെ, സഹജീവികളുടെ വേദനയിൽ ലോക വേദനയിൽ നീറുന്നവരെ.... എല്ലാവരെയും എല്ലാത്തിനെയും രാത്രിയുടെ നിശബ്ദതയിൽ അത് ചേർത്തു പിടിക്കുന്നു... ഇനിയും ഈ ജീവിതം തുടരേണ്ടതുണ്ട്...

കണ്ണിൽ കാണുന്നതിനെക്കാൾ ഭംഗി
മനസ്സിൽ കാണുന്നതിനുണ്ടാവും.
സംസാരത്തെക്കാൾ വാചാലമായ
ചില മൗനങ്ങളുണ്ട്.
വരികൾക്കിടയിലൂടെ വായിക്കാനായി
ചിലത് ഞങ്ങൾ വിട്ടുകളഞ്ഞിട്ടുണ്ട്.

വൈകാതെ മഴയെത്തും.
നനഞ്ഞ് നനഞ്ഞ്
ഓർമ്മകളൊക്കെ ഒഴുകിപ്പോകും.
അവിടെ പുതിയ,
നനുത്ത ഒരു തളിര് വളരും.

# നന്ദി..!

എല്ലാവരോടും...എല്ലാത്തിനോടും.

# SIR SYED INSTITUTE FOR TECHNICAL STUDIES

(Affiliated to Kannur University)
Taliparamba, Kannur, Kerala, India-670142, Tel: 0460-2209381; 2200128
www.sirsyedinstitute.ac.in; ssitstmba@gmail.com

